KIFA
KERALA INDEPENDENT FARMERS ASSOCIATION

# Integrated Report

## 2020-23

KIFA

# Integrated Report

# 2020-23

Malayalam Language
KIFA Integrated Report

Editor : **Alex Ozhukayil**
Copyright © 2023 by KIFA
First Published : May 2023
Cover Design &
Layout : Weaver's Nest, Pala
Printing : Anaswara Offset Pvt. Ltd.,
Ernakulam
Publishing : KIFA,
PJRA 17, Poothully Lane,
Mathai Manjooran Road,
Ernakulam, Kochi 18.

For private circulation only.

# ഉള്ളടക്കം


1. ചെയർമാന്റെ സന്ദേശം 4
2. കിഫ-പ്രവർത്തനങ്ങളുടെ നാൾവഴി 7
3. കിഫയുടെ നിയമപോരാട്ടങ്ങൾ 16
4. കിഫയുടെ നേട്ടങ്ങൾ 21
5. കിഫ പത്രവാർത്തകളിൽ 23
6. ചെറുത്തുനിൽപ്പിന്റെ കഥകൾ 27
   - ഗോപാലനെ പുലി ഗോപാലനാക്കിയ കിഫ 27
   - ചീങ്കണ്ണിപ്പുഴ വീണ്ടെടുക്കൽ 28
   - മന്ദൻകൊല്ലി-പരാതിയും നടപടിയും 30
   - വന്യമൃഗ ആക്രമണ സംഭവങ്ങളിൽ വനപാലകർക്കും ജില്ലാ കളക്ടർക്കും എതിരെ ക്രിമിനൽ കുറ്റം ചുമത്താമോ? 32
   - വന്യമൃഗ ആക്രമണവും നഷ്ടപരിഹാരവും 36
   - വനംവകുപ്പിനുള്ള മറുപടിയായി സന്ദീപ് മാത്യു കേസ് 38
   - ബഫർ സോൺ 40
   - അന്യായമായ ജണ്ടയിടൽ - കിഫയുടെ പോരാട്ടങ്ങൾ 43
   - പടുതാക്കുളവും ഉദ്യോഗസ്ഥരുടെ അനീതിയും 45
   - ആന ചെരിഞ്ഞാൽ 46
7. ഫിനാൻഷ്യൽ റിപ്പോർട്ട് 51
8. കാട്ടിൽമതി കാട്ടുനീതി 54



# ചെയർമാന്റെ സന്ദേശം

പ്രിയപ്പെട്ട സുഹൃത്തുക്കളേ,

കിഫയുടെ ആദ്യത്തെ സംയോജിത റിപ്പോർട്ട് വളരെ അഭിമാനത്തോടെ നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുകയാണ്. പ്രവർത്തനം തുടങ്ങി വെറും മൂന്ന് വർഷത്തിനുള്ളിൽ തന്നെ കേരളത്തിന്റെ കാർഷിക ഭൂമികയിൽ തനതായ വ്യക്തിമുദ്ര പതിപ്പിക്കുവാൻ കിഫ-യ്ക്ക് കഴിഞ്ഞിരിക്കുന്നു. സമകാലീന കേരളത്തിലെ കാർഷിക മുന്നേറ്റങ്ങളുടെ ചരിത്രം കിഫ-യ്ക്ക് മുൻപും കിഫ-യ്ക്ക് ശേഷവും എന്ന രീതിയിൽ വിഭജിക്കപ്പെട്ടിരിക്കുന്നു.

ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെയോ സ്വന്തം താൽപ്പര്യങ്ങൾ മാത്രം സംരക്ഷിക്കുന്ന മറ്റു സംഘടനക ളുടെയോ വാലായി നിന്നാൽ കർഷകർ രക്ഷപ്പെടുകയില്ല എന്ന ബോധ്യത്തിൽ നിന്നാണ് നൂറു ശതമാനം സ്വതന്ത്രമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന കിഫയുടെ ഉത്ഭവം. ഈ ബോധ്യങ്ങൾക്ക് അടിവരയിടുന്ന പ്രവൃത്തികളാണ് കഴിഞ്ഞ മൂന്ന് വർഷമായി കിഫ കേരളത്തിൽ നടത്തിക്കൊണ്ടിരിക്കുന്നത്.

**പൊതുബോധം തിരുത്തൽ**

കേരളത്തിലെ കർഷക ജനത കൈയേറ്റക്കാരും പരിസ്ഥിതി വിരുദ്ധരും വനം നശിപ്പിക്കുന്നവരും ആണെന്ന പൊതുബോധമായിരുന്നു കിഫയുടെ തുടക്കം മുതൽ നേരിട്ടിരുന്ന ഏറ്റവും പ്രധാനപ്പെട്ട വെല്ലുവിളി. കൃത്യമായ സ്ഥിതിവിവര കണക്കുകളുടെയും റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ അത്തരം തെറ്റിദ്ധാരണാജനകമായുള്ള പൊതുബോധം മാറ്റുവാനും കർഷക കേന്ദ്രീകൃതവും യാഥാർത്ഥ്യബോധത്തിൽ അധിഷ്ഠിതവുമായ ഒരു

ചിന്താരീതി സമൂഹത്തിൽ വളർത്തുവാനും കഴിഞ്ഞ മൂന്ന് വർഷം കൊണ്ട് കിഫ-യ്ക്ക് കഴിഞ്ഞിട്ടുണ്ട്.

ഈ മാറ്റത്തിനുള്ള ഏറ്റവും വലിയ തെളിവാണ് സോഷ്യൽ മീഡിയയിലും മറ്റു പത്ര മാധ്യമങ്ങളിലും  മൃഗങ്ങൾ കൃഷിയിടത്തിൽ ഇറങ്ങി ഉണ്ടാക്കുന്ന നാശനഷ്ടങ്ങളുമായി ബന്ധപ്പെട്ട വാർത്തകളുടെ അടിയിൽ വരുന്ന കമന്റുകളും മറ്റ് അഭിപ്രായ പ്രകടനങ്ങളും.

മൂന്നുവർഷം മുമ്പ് അത്തരം വാർത്തകൾക്ക് അടിയിൽ വരുന്ന കമന്റുകൾ ഏതാണ്ട് ഭൂരിഭാഗവും കർഷക വിരുദ്ധമായിരുന്നുവെങ്കിൽ ഇപ്പോൾ അത്തരം വാർത്തകൾക്ക് അടിയിൽ വരുന്ന കമന്റുകൾ ഭൂരിപക്ഷവും കർഷകർക്ക് അനുകൂലവും ഫോറസ്റ്റ് വകുപ്പിന്റെ കൃത്യവിലോപത്തെ കൃത്യമായി ചോദ്യം ചെയ്യുന്നവയുമാണ്. എന്നുമാത്രമല്ല സാധാരണ മനുഷ്യർ ഇത്തരം ദുരിതങ്ങൾ അനുഭവിക്കേണ്ടവരാണ് എന്നുള്ള ചിന്ത മാറി ഇതിനൊരു പ്രതിവിധി ഉണ്ടാവണം എന്നുള്ള ചിന്ത വളരെ ശക്തമായി ഉയർന്നുവന്നിരിക്കുന്നു.

## നിസ്സഹായരായ ഇരകളിൽ നിന്ന് അവകാശബോധമുള്ള പൗരന്മാരിലേക്കുള്ള മാറ്റം

ഇത്രയും കാലം വന്യമൃഗ ആക്രമണങ്ങളിൽ സ്വത്തും ജീവനും നഷ്ടപ്പെടുമ്പോൾ എന്ത് ചെയ്യണം എന്നോ ആരെ സമീപിക്കണമെന്നോ എങ്ങനെ പരാതി കൊടുക്കണമെന്നോ അറിയാതെ ഇതൊക്കെ ഞങ്ങളുടെ വിധിയാണ് എന്ന് കരുതി ഈ അക്രമങ്ങൾ മുഴുവൻ നിശബ്ദമായി സഹിച്ചുവന്നിരുന്ന ജനതതി ഇന്ന് ഈ അനീതികൾക്കെതിരെ നട്ടെല്ല് നിവർത്തി ചോദ്യങ്ങൾ ചോദിച്ചു തുടങ്ങിയിരിക്കുന്നു. അത്തരം ചോദ്യങ്ങൾ ഇവിടത്തെ ഉദ്യോഗസ്ഥ ഭരണവർഗത്തെ വിറളി പിടിപ്പിച്ചു തുടങ്ങിയിരിക്കുന്നു. ഭരണപക്ഷവും പ്രതിപക്ഷവും ഉദ്യോഗസ്ഥരും ചേർന്നുള്ള നാടകങ്ങൾ ഇനി പഴയതുപോലെ നടക്കില്ല എന്ന ബോധ്യം ഇവിടെയുള്ള കുത്തക പാർട്ടികൾക്ക് വന്നുകഴിഞ്ഞു. ആയതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് വയനാട്ടിലെ കടുവാ പ്രശ്നത്തിൽ കിഫ മനഃപൂർവം നാട്ടിൽ കുഴപ്പം ഉണ്ടാക്കാൻ ശ്രമിക്കുന്നു എന്ന തരത്തിൽ വനം മന്ത്രി ശ്രീ. എ കെ ശശീന്ദ്രൻ നടത്തിയ പ്രസ്താവന.

വയനാട്ടിലെ കടുവാ പ്രശ്നത്തിൽ ചട്ടപ്പടി സമരവും കുറച്ചു സമയം റോഡ് ഉപരോധവുമായി ജനങ്ങളുടെ കണ്ണിൽ പൊടിയിട്ട ശേഷം ഭരണപക്ഷവും പ്രതിപക്ഷവും പിരിഞ്ഞുപോയിട്ടും ഇതിൽ ഉത്തരവാദികളായവർക്കെതിരെ നടപടി വേണമെന്നും

ഇനിയൊരാൾകൂടി കടുവയുടെ ആക്രമണത്തിൽ കൊല്ലപ്പെടാതിരിക്കാനുള്ള നടപടികൾ എടുക്കണമെന്ന ആവശ്യവുമായി കിഫ നിയമ നടപടികൾ ആരംഭിച്ചതാണ് കിഫയെ പേരെടുത്തു പറഞ്ഞു വിമർശിക്കാൻ വനം മന്ത്രിയെ പ്രകോപിപ്പിച്ചത്. കേരളത്തിലെ വനം മന്ത്രി അടക്കമുള്ള കിഫ വിമർശകരോട് കിഫ-യ്ക്കൊന്നേ പറയാനുള്ളു, നിങ്ങൾ കിഫ-യ്ക്കെതിരെ ഉയർത്തുന്ന വിമർശനങ്ങൾ ഞങ്ങൾ അംഗീകാരമായി കരുതുന്നു, ഭരണവർഗത്തിന്റെ പട്ടും വളയും താമ്രപത്രവും പ്രതീക്ഷിച്ചു പ്രവർത്തിക്കുന്ന സംഘടനയല്ല കിഫ. അത് പ്രതികരിക്കാൻ ചങ്കൂറ്റമുള്ള കർഷക രക്തം സിരകളിൽ ഓടുന്ന നട്ടെല്ലുള്ളവരുടെ പ്രസ്ഥാനമാണ്. നിങ്ങൾ നിങ്ങളുടെ വിമർശനങ്ങൾ തുടരുക, ഞങ്ങൾ ഞങ്ങളുടെ പ്രവർത്തനങ്ങളും തുടരും.

ഇരുട്ടിലൂടെ എവിടേയ്ക്കോ അല്ല മറിച്ച്; വെളിച്ചത്തിന്റെ പാതയിൽ, നേരിന്റെ പാതയിൽ ഇന്ത്യൻ പൗരനാണെന്നുള്ള ബോധ്യത്തോടെ, ജനാധിപത്യത്തിൽ പൗരന് ലഭിക്കേണ്ട അവകാശങ്ങൾ ചോദിച്ചു വാങ്ങാൻ  പ്രാപ്തരായ ഒരു ജനത ഇവിടെ ഉയർന്നു വരും. എത്ര വൈകിയാലും ശരി ഇവിടത്തെ ഭരണവർഗത്തിന്റെ നീതി നിഷേധങ്ങൾ ചോദ്യം ചെയ്യപ്പെടുകതന്നെ ചെയ്യും. അങ്ങനെ ചോദ്യം ചെയ്യാൻ ആർജവമുള്ള ജനതയെ സൃഷ്ടിക്കുന്ന രാസത്വരകമായി കിഫയും ഈ മണ്ണിൽ ഉണ്ടാകും.

**അലക്സ് ഒഴുകയിൽ**
ചെയർമാൻ

# കിഫ-പ്രവർത്തനങ്ങളുടെ നാൾവഴി

*(എവിടെയും അനീതിയുടെ കനത്ത കോടമഞ്ഞ് — കർഷകന്റെ ജീവിതപാത എവിടെ—ഉത്തരം ഇല്ലാതിരുന്ന ഈ ചോദ്യത്തിന് മറുപടിയായി കിഫ — ആ വിളി കേട്ട് ഉണർന്ന കാർഷികകേരളം — ആരംഭം മുതൽക്കുള്ള കിഫയുടെ ഉജ്ജ്വലമായ പ്രവർത്തനചരിത്രം ഇവിടെ അടുക്കോടെ പറയുന്നു.)*

| Sl. No | തിയ്യതി | വിശദാംശങ്ങൾ |
|---|---|---|
| **2020** | | |
| 1 | 05 Jun-20 | **'കേരളത്തിലെ കർഷകരും വന്യമൃഗ ശല്യവും'** എന്ന ഫേസ്ബുക് ഗ്രൂപ്പിന്റെ തുടക്കം |
| 2 | 08 Sep-20 | **കേരള ഇൻഡിപെൻഡന്റ് ഫാർമേഴ്സ് അസ്സോസിയേഷൻ (കിഫ)** എന്ന് പുനർനാമകരണം |
| 3 | 12 Sep-20 | സംസ്ഥാന വ്യാപകമായ ബഫർസോൺ (ESZ) വിരുദ്ധ സമരങ്ങൾക്ക് മലബാർ വന്യജീവി സങ്കേതത്തിൽ തുടക്കം കുറിച്ചു |
| 4 | 17 Sep-20 | ചിങ്ങം 1, കർഷക കരിദിനം |
| 5 | 28 Sep-20 | കിഫ ഉണർത്തുപാട്ട് **'ഉണരുക സോദരരേ'** റിലീസ് |
| 6 | 05 Oct-20 | കിഫ കൃഷി സംരക്ഷണ വാരാചരണം  ഫോട്ടോഗ്രാഫി മത്സരം |
| 7 | 20 Oct-20 | കാട്ടുപന്നിയെയും കുരങ്ങിനെയും ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുക കിഫ നിൽപ്പ് സമരം |
| 8 | 13 Dec-20 | അതിജീവന മതിൽ : അട്ടപ്പാടി, പാലക്കാട്. |
| **2021** | | |
| 9 | 24 Jan-21 | സംസ്ഥാനതല നേതൃത്വ ക്യാമ്പ്, കോഴിക്കോട് |
| 10 | 08 Feb-21 | കർഷക പ്രതിരോധ സദസ്സ്, മംഗലം ഡാം, പാലക്കാട് |
| 11 | 12 Feb-21 | ബഫർ സോൺ വിരുദ്ധ സമരം കരുവാരക്കുണ്ട്, മലപ്പുറം 17 ദിവസം |
| 12 | 23 Feb-21 | ബഫർ സോൺ പരാതി പ്രവാഹയാത്ര : DFO ഓഫീസ് മണ്ണാർക്കാട്, പാലക്കാട് |
| 13 | 27 Feb-21 | കർഷക പ്രതിരോധ സദസ്സ്, കേളകം, കണ്ണൂർ |
| 14 | 20 Mar-21 | കർഷക സംഗമം, കുമളി, ഇടുക്കി |

| | | |
|---|---|---|
| 15 | 21 Mar-21 | കർഷക പ്രതിരോധ സദസ്സ്, കരുവാരക്കുണ്ട്, മലപ്പുറം |
| 16 | 23 Mar-21 | കാവിലുംപാറ മേഖല മീറ്റിംഗ്, കോഴിക്കോട് |
| 17 | 10 May-21 | മലപ്പുറം ഊർങ്ങാട്ടിരിയിൽ VJ സെബാസ്റ്റ്യൻ എന്ന വ്യക്തിയെ കൊലപ്പെടുത്തിയ കാട്ടാനയെ അടിയന്തരമായി വെടിവെച്ചു കൊല്ലുകയോ കൂട്ടിലടയ്ക്കുകയോ ചെയ്യണം എന്നാവശ്യപ്പെട്ടുകൊണ്ടു ചീഫ് വൈൽഡ് ലൈഫ് വാർഡന് നിവേദനം നൽകി |
| 18 | 18 May-21 | മലപ്പുറം കരുവാരക്കുണ്ടിൽ ഷാജഹാൻ എന്ന വ്യക്തിയെ സ്വന്തം വീട്ടുമുറ്റത്തു വെച്ച് കൊലപ്പെടുത്തിയ കാട്ടുപോത്തിനെ അടിയന്തരമായി വെടിവെച്ചു കൊല്ലണം എന്നാവശ്യപ്പെട്ടുകൊണ്ട് ചീഫ് വൈൽഡ് ലൈഫ് വാർഡന് നിവേദനം നൽകി |
| 19 | 05 Jun-21 | കിഫ ഒന്നാം വാർഷികാഘോഷം |
| 20 | 10 Jun-21 | ലോക് ഡൗൺ കാലത്തെ മലഞ്ചരക്ക് വ്യാപാര മേഖലയിൽ ഉണ്ടായ പ്രതിസന്ധി അടിയന്തരമായി പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രിക്ക് നിവേദനം നൽകി |
| 21 | 12 Jun-21 | നരിപ്പറ്റ വാണിമേൽ മേഖല മീറ്റിംഗ്, കോഴിക്കോട് |
| 22 | 11 Jul-21 | ESZ മീറ്റിംഗ്, കേളകം |
| 23 | 26 Jul-21 | കിഫയുടെ പരാതിയിൽ നാട്ടിലിറങ്ങുന്ന കാട്ടുപന്നികളെ ഉപാധി രഹിതമായി കൊല്ലുവാനുള്ള കേരള ഹൈക്കോടതി വിധിയുടെ ആനുകൂല്യം കേരളത്തിലെ മുഴുവൻ ആളുകൾക്കും നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രി, വനം മന്ത്രി, പ്രതിപക്ഷ നേതാവ് എന്നിവർക്ക് നിവേദനം നൽകി |
| 24 | 28 Jul-21 | പൊന്നു മത്തായി ഒന്നാം രക്തസാക്ഷി ദിനാചരണം |
| 25 | 10 Aug-21 | കാവിലുംപാറ, പൂതംപാറ മേഖല മീറ്റിംഗ്, കോഴിക്കോട് |
| 26 | 21 Aug-21 | കൂടരഞ്ഞി  മേഖല മീറ്റിംഗ്, കോഴിക്കോട് |
| 27 | 01 Sep-21 | തൃശൂർ ജില്ലയിൽ പാലപ്പിള്ളിയിൽ രണ്ടു പേരെ ഒരേ ദിവസം കാട്ടാന കൊലപ്പെടുത്തിയ കേസിൽ സ്ഥലം റേഞ്ചർ, DFO, CWW എന്നിവരെ പ്രതികളാക്കി കൊലക്കുറ്റത്തിന് കേസ് എടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വരാന്തരപ്പള്ളി പോലീസ് സ്റ്റേഷനിൽ പരാതി നൽകി |
| 28 | 05 Sep-21 | തൃശൂർ ജില്ലയിൽ പാലപ്പിള്ളിയിൽ രണ്ടുപേരെ ഒരേ ദിവസം കൊന്ന കാട്ടാനയെ അടിയന്തരമായി കൂട്ടിലടയ്ക്കുകയോ വെടി വെച്ച് കൊല്ലുകയോ ചെയ്യണമെന്നാവശ്യപ്പെട്ട് കൊണ്ട് സംസ്ഥാന ചീഫ് വൈൽഡ് ലൈഫ് വാർഡനും, വനം മന്ത്രിക്കും നിവേദനം നൽകി |
| 29 | 15 Sep-21 | കിഫ വെബ്സൈറ്റ്  www.kifa.co.in ലോഞ്ച് |

| | | |
|---|---|---|
| 30 | 19 Sep-21 | കിഫ പീപ്പിൾ സ്കൂൾ സെഷൻ, ധോണി, പാലക്കാട് |
| 31 | 23 Sep-21 | കിഫ ഹാൻഡ്ബുക് പ്രകാശനം |
| 32 | 23 Sep-21 | സംസ്ഥാനതല നേതൃത്വ ക്യാമ്പ് മൂവാറ്റുപുഴ |
| 33 | 24 Sep-21 | കേരളത്തിലെ വന്യമൃഗശല്യത്തിന് അടിയന്തരമായി പരിഹാരം കാണണം എന്നാവശ്യപ്പെട്ടുകൊണ്ട് കേരളത്തിലെ 140 MLA മാർക്കും കിഫയുടെ പരിഹാര നിർദേശങ്ങളും ഹാൻഡ്ബുക്കും അയച്ചുകൊടുത്തു |
| 34 | 02 Oct-21 | കിഫ പീപ്പിൾ സ്കൂൾ സെഷൻ, പത്തനംതിട്ട |
| 35 | 06 Oct-21 | കാട്ടുപന്നി വിഷയത്തിൽ നിയമസഭയെയും കോടതിയെയും തെറ്റിദ്ധരിപ്പിച്ച സംഭവത്തിൽ വനം മന്ത്രിയുടെ ഓഫീസിൽ 4 പേർക്ക് സസ്പെൻഷൻ |
| 36 | 10 Oct-21 | കിഫ ഏകദിന ക്യാമ്പ് തിരുവമ്പാടി, കോഴിക്കോട് |
| 37 | 10 Oct-21 | കേരളത്തിൽ കാട്ടുപന്നിയെ അടിയന്തരമായി ക്ഷുദ്രജീവി ആയി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര കൃഷി മന്ത്രി ശ്രീ. നരേന്ദ്ര സിങ് തൊമാറിന് കത്തയച്ചു |
| 38 | 11 Oct-21 | കിഫ കർഷക സംഗമം, അതിരപ്പിള്ളി, തൃശൂർ |
| 39 | 14 Oct-21 | കിഫ ഏകദിന ക്യാമ്പ്, കാസർഗോഡ് |
| 40 | 15 Oct-21 | കിഫ ഏകദിന ക്യാമ്പ്, കേളകം, കണ്ണൂർ |
| 41 | 18 Oct-21 | 'അണനിറയുന്ന ആശങ്ക' മീഡിയ വൺ ചാനൽ ചർച്ച |
| 42 | 24 Oct-21 | ESZ മീറ്റിംഗ്, വയനാട് |
| 43 | 25 Oct-21 | 1980ലെ വന നിയമ ഭേദഗതി, കിഫ ലൈവ് |
| 44 | 25 Oct-21 | ക്ലബ് ഹൗസ് ചർച്ച 1980ലെ വനനിയമ ഭേദഗതി : നുണ പറയുന്നതാര്? |
| 45 | 25 Oct-21 | കേരളത്തിലെ കാട്ടുപന്നി വിഷയത്തിൽ അടിയന്തര ഇടപെടൽ നടത്തണം എന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര വനം മന്ത്രി ശ്രീ. ഭുപേന്ദർ യാദവിന് നിവേദനം നൽകി |
| 46 | 29 Oct-21 | കിഫ പീപ്പിൾ സ്കൂൾ സെഷൻ, തോട്ടുമുക്കം, കോഴിക്കോട് |
| 47 | 04 Nov-21 | കിഫ ഏകദിന ക്യാമ്പ് തലയാട്, കോഴിക്കോട് |
| 48 | 07 Nov-21 | കിഫ പീപ്പിൾ സ്കൂൾ സെഷൻ, നിലമ്പൂർ, മലപ്പുറം |
| 49 | 11 Nov-21 | 'മനുഷ്യനും പറയുവാനുണ്ട്': മാതൃഭൂമി ന്യൂസ് ചാനൽ ചർച്ച |
| 50 | 12 Nov-21 | 'ക്രൗര്യം കാടിറങ്ങുമ്പോൾ': 24 ന്യൂസ് ചാനൽ ചർച്ച |
| 51 | 17 Nov-21 | വന്യജീവി ആക്രമണം നിയന്ത്രിക്കാൻ നിയമം ഇല്ലേ? കിഫ ലൈവ് |
| 52 | 18 Nov-21 | ഭരണഘടന വിഭാവനം ചെയ്യുന്ന തുല്യത, കർഷകർക്ക് കിട്ടാക്കനിയോ? കിഫ ലൈവ് |
| 53 | 19 Nov-21 | കടുവ ആക്രമണം പ്രതിഷേധ റാലി, കരുവാരക്കുണ്ട്, മലപ്പുറം |

| | | |
|---|---|---|
| 54 | 19 Nov-21 | ഡൽഹി കർഷക സമരം എന്തുകൊണ്ട് വിജയിച്ചു? കിഫ ലൈവ് |
| 55 | 21 Nov-21 | ‘കാടിറങ്ങുന്ന ഭീതി’ പ്രത്യേക കവറേജ്, മനോരമ ന്യൂസ് |

| | | |
|---|---|---|
| 97 | 15 Jun-22 | പത്തനംതിട്ട കളക്ടറേറ്റ് മാർച്ച് |
| 98 | 20 Jun-22 | കർഷക അതിജീവന സദസ്സ് അട്ടപ്പാടി, പാലക്കാട് |
| 99 | 20 Jun-22 | കിഫ പീപ്പിൾ സ്കൂൾ സെഷൻ, അടിപ്പെരണ്ട, പാലക്കാട് |
| 100 | 22 Jun-22 | ബഫർ സോൺ വിഷയത്തിൽ MLA മാർക്കുള്ള കിഫയുടെ തുറന്ന കത്ത് |
| 101 | 22 Jun-22 | കർഷക പ്രതിരോധ സദസ്സ്, കാഞ്ഞിരപ്പുഴ, പാലക്കാട് |
| 102 | 02 Jul-22 | ബഫർ സോണിനെതിരെ കർഷക പ്രതിരോധ സദസ്സ്, കൂരാച്ചുണ്ട്, കോഴിക്കോട് |
| 103 | 23 Jul-22 | കർഷക പ്രതിരോധ മാർച്ച്, എരുമേലി ഫോറസ്റ്റ് ഓഫീസ്, കോട്ടയം |
| 104 | 07 Aug-22 | നേതൃത്വ പരിശീലന ക്യാമ്പ്, കോഴിക്കോട് |
| 105 | 22 Aug-22 | കർഷകദിനം കരിദിനം |
| 106 | 28 Aug-22 | കിഫ പീപ്പിൾ സ്കൂൾ, കയ്യൂന്നി, ഗുഡല്ലൂർ, തമിഴ്നാട് |
| 107 | 28 Aug-22 | ആനക്കാംപൊയിൽ കർഷക സംഗമം, തിരുവമ്പാടി, കോഴിക്കോട് |
| 108 | 03 Sep-22 | കിഫ പീപ്പിൾ സ്കൂൾ, വെള്ളരിക്കുണ്ട്, കാസർഗോഡ് |
| 109 | 17 Sep-22 | കിഫ ഷൂട്ടേർസ് ക്ലബ്: സംസ്ഥാനതല മീറ്റിംഗ്, കോഴിക്കോട് |
| 110 | 25 Sep-22 | മുത്തപ്പൻപുഴ കർഷക സംഗമം, തിരുവമ്പാടി, കോഴിക്കോട് |
| 111 | 27 Sep-22 | കിഫ പീപ്പിൾ സ്കൂൾ, ചെമ്പനോട, കോഴിക്കോട് |
| 112 | 08 Oct-22 | കിഫ കർഷക കടബാധ്യതാ സർവേ-2022, റിപ്പോർട്ട് റിലീസ് |
| 113 | 09 Oct-22 | കിഫ കർഷക സംഗമം, പുല്ലൂരാംപാറ, കോഴിക്കോട് |
| 114 | 09 Oct-22 | ESA, ESZ & EFL കർഷകരെ എങ്ങനെ ബാധിക്കും? ബോധവത്കരണ സെമിനാർ ഇടുക്കി |
| 115 | 16 Oct-22 | കൊല്ലം ആര്യങ്കാവിൽ കിഫ പ്രവർത്തകന് ഫോറസ്റ്റ് മർദ്ദനം: പന്തം കൊളുത്തി പ്രകടനം |
| 116 | 21 Oct-22 | കർഷക പ്രതിരോധ സദസ്സ്, അടിപ്പെരണ്ട, പാലക്കാട് |
| 117 | 23 Oct-22 | ചീങ്കണ്ണിപ്പുഴ വീണ്ടെടുക്കൽ, കേളകം, കണ്ണൂർ |
| 118 | 12 Nov-22 | കർഷക പ്രതിരോധ സദസ്സ്, പശുക്കടവ്, കോഴിക്കോട് |
| 119 | 18 Nov-22 | ഇടുക്കി ജില്ലയിലെ വന്യമൃഗ ശല്യവുമായി ബന്ധപെട്ട് വനം മന്ത്രിക്കു 14 ഇന നിവേദനം |
| 120 | 20 Nov-22 | കിഫ വയനാട് ജില്ലാ സമ്മേളനം, സുൽത്താൻ ബത്തേരി |
| 121 | 20 Nov-22 | റീബിൽഡ് കേരള എന്ന ചതിക്കുഴി, ഓൺലൈൻ ക്ലാസ് |
| 122 | 22 Nov-22 | കിഫ ഭരണഘടന വാരാചരണം ലൈവ്: ഫോറസ്റ്റ് പരിശോധന എന്ന പേരിൽ നടക്കുന്ന നിയമലംഘനങ്ങൾ |
| 123 | 23 Nov-22 | കിഫ ഭരണഘടന വാരാചരണം ലൈവ്: പട്ടയത്തിൽ കുടുങ്ങിയ |

| | | |
|---|---|---|
| | | ജീവിതങ്ങൾ |
| 124 | 24 Nov-22 | കിഫ ഭരണഘടന വാരാചരണം ലൈവ്: വന്യജീവി സംരക്ഷണ |

| | | |
|---|---|---|
| 169 | 24 Mar-23 | എൽഡിഎഫ് സർക്കാർ വക കുടിയിറക്ക് വേർഷൻ 2.0 : കിഫ ഫേസ്ബുക് ലൈവ് |
| 170 | 25 Mar-23 | കുടിയിറക്ക് നിയമം പട്ടയങ്ങളുടെ നിയമ സാധുത റദ്ദാക്കൽ: എൽഡിഎഫ് സർക്കാരിന്റെ അടുത്ത ഇരുട്ടടി, പ്രസ് മീറ്റ് കോട്ടയം |
| 171 | 25 Mar-23 | ‘ദി ട്രെയിനിംഗ് ടെന്റ്, നേതൃത്വ ക്യാമ്പ്’, കോട്ടയം |
| 172 | 29 Mar-23 | അരിക്കൊമ്പൻ വിഷയം: മാതൃഭൂമി ന്യൂസ് സൂപ്പർ പ്രൈം ടൈം ചർച്ച |
| 173 | 30 Mar-23 | അരിക്കൊമ്പൻ വിഷയം: റിപ്പോർട്ടർ ചാനൽ ചർച്ച |
| 174 | 30 Mar-23 | അരിക്കൊമ്പൻ വിഷയം: സീ ന്യൂസ് ചാനൽ ചർച്ച |
| 175 | 30 Mar-23 | അരിക്കൊമ്പൻ വിഷയം: മീഡിയ വൺ ചാനൽ ചർച്ച |

| | | |
|---|---|---|
| | | |

# കിഫയുടെ നിയമപോരാട്ടങ്ങൾ

## സുപ്രീം കോടതി

1 ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കരുത് എന്നാവശ്യപ്പെട്ടുകൊണ്ടുള്ള റിട്ട് പെറ്റീഷൻ
2 ബഫർ സോൺ കേസിൽ ഇടപെടൽ ഹർജി
3 ബഫർ സോൺ കേസിൽ പുനഃപരിശോധനാ ഹർജി

## കേരള ഹൈക്കോടതി

1 കാട്ടുപന്നിയെ ക്ഷുദ്രജീവിയാക്കണം എന്നാവശ്യപ്പെട്ടുകൊണ്ടുള്ള റിട്ട് പെറ്റീഷൻ. ഫോറസ്റ്റ് കേസിൽ പ്രതിയാണ് എന്ന കാരണം പറഞ്ഞുകൊണ്ട് സർക്കാർ ഉത്തരവ് പ്രകാരം കാട്ടുപന്നിയെ കൊല്ലാനുള്ള അനുമതി നിഷേധിച്ച കർഷകനുവേണ്ടി റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും അനുകൂല വിധി നേടുകയും ചെയ്തു

2 തോക്ക് ലൈസൻസ് നിഷേധിക്കുന്നതിനെതിരെയുള്ള റിട്ട് പെറ്റീഷനുകൾ

3 ബഫർ സോണിനെതിരെയുള്ള റിട്ട് പെറ്റീഷൻ, പാലക്കാട്

4 ബഫർ സോണിനെതിരെയുള്ള റിട്ട് പെറ്റീഷൻ, ഇടുക്കി

5 ബഫർ സോണിനെതിരെയുള്ള റിട്ട് പെറ്റീഷൻ, നെയ്യാർ, പേപ്പാറ

6 നിയമപരമായി നിലവിൽ വന്നിട്ടില്ലാത്ത തട്ടേക്കാട് പക്ഷി സങ്കേതം റദ്ദു ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള റിട്ട് പെറ്റീഷൻ

7 കർഷകർക്കുള്ള നഷ്ടപരിഹാരം കൊടുക്കാതെ വന്യജീവി വാരാഘോഷം നടത്തരുത് എന്നാവശ്യപ്പെട്ടുകൊണ്ടുള്ള റിട്ട് പെറ്റീഷൻ

8 റീബിൽഡ് കേരളയ്ക്കെതിരെയുള്ള വിവിധ റിട്ട് പെറ്റീഷനുകൾ

9 പാലക്കാട് കാട്ടുപന്നിയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട മാണി മത്തായിയുടെ വിധവയ്ക്ക് നഷ്ടപരിഹാരം നൽകാനുള്ള റിട്ട് പെറ്റീഷൻ

10 കൃഷി വകുപ്പിന്റെ ഇസ്രായേൽ ട്രിപ്പ് തടയണം എന്നാവശ്യപ്പെട്ടുകൊണ്ടുള്ള റിട്ട് പെറ്റീഷൻ

11 ഫോറസ്റ്റ് വകുപ്പ് അനധികൃതമായി കയ്യേറി ജണ്ടയിട്ട പാലക്കാട്ടെ ഖദീജയുടെ ഭൂമി തിരിച്ചുനൽകണം എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ റിട്ട് പെറ്റീഷനും അനുകൂല വിധിയും.

12 പാലക്കാട് മുതലമട മേഖലയിലെ ആന ശല്യം തടയാൻ നടപടിയെടുക്കാത്ത ജില്ലാ കളകർ, CWW എന്നിവർക്കെതിരെയുള്ള റിട്ട് പെറ്റീഷൻ

13 ഇടുക്കി ചിന്നക്കനാൽ മേഖലയിൽ നാശം വിതയ്ക്കുന്ന അരിക്കൊമ്പനെ കൂട്ടിലടയ്ക്കരുത് എന്നാവശ്യപ്പെട്ടുകൊണ്ട് മൃഗസ്നേഹികൾ നൽകിയ കേസിൽ എതിരായി കക്ഷി ചേർന്നു

14 ഇടുക്കി, ചിന്നക്കനാൽ മേഖലയിൽ സർക്കാർ നിയമപരമായി കുടിയിരുത്തിയ ആളുകളെ കുടിയൊഴിപ്പിക്കരുത് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ റിട്ട് പെറ്റീഷൻ

15 കള്ളത്തോക്ക് കൈവശം വെച്ചെന്ന ആരോപണം ഉന്നയിച്ച് നിരപരാധിയായ കർഷകനെതിരെ ഫോറസ്റ്റുകാർ എടുത്ത കള്ളക്കേസ് ഹൈക്കോടതി മുഖാന്തിരം റദ്ദുചെയ്യിച്ചു.



പുലിഗോപാലനൊപ്പം കിഫ പ്രവർത്തകർ



ബഫർസോൺ ഹെൽപ് ഡെസ്ക്
– ഇടുക്കി ജില്ല



PM 2 ആനയെ തുറന്നുവിടുന്നതിനെതിരെ
– സുൽത്താൻബത്തേരി




കളക്റ്ററേറ്റ് മാർച്ച്, പത്തനംതിട്ട



കളക്ടറേറ്റ് മാർച്ച്, പത്തനംതിട്ട



**കർഷക പ്രതിഷേധ സദസ്സ്, കരുവാരക്കുണ്ട്**



**ജനവിചാരണ സദസ്സ്, വടക്കഞ്ചേരി, പാലക്കാട്**

# കിഫയുടെ നേട്ടങ്ങൾ

1. ഉറച്ച് ചവിട്ടിനിൽക്കാൻ കിഫ എന്ന അടിത്തറ മലയാളനാട്ടിൽ പണിതുയർത്തി. ജാതിമതവർഗവർണ ഭേദമന്യേ, കർഷകർക്കും കൃഷിയെ സ്നേഹിക്കുന്നവർക്കും ഏകമനസ്സോടെ പ്രവർത്തിക്കാൻ ഉതകുന്ന പൊതുവേദിയായി കിഫ രൂപാന്തരപ്പെട്ടു.
2. കർഷകർ കൈയേറ്റക്കാരാണ് എന്ന പൊതുബോധം കൃത്യമായി ഡാറ്റയുടെ അടിസ്ഥാനത്തിൽ ചോദ്യം ചെയ്യുകയും കുടിയേറ്റത്തിന്റെ ചരിത്രപശ്ചാത്തലം വീണ്ടും ചർച്ചയാക്കുകയും ചെയ്തു.
3. ഞങ്ങൾ എന്ത് ചെയ്താലും ആരും എതിർക്കാൻ വരില്ല എന്ന വനംവകുപ്പിന്റെ അഹങ്കാരത്തിന് നിയമപരമായി കടിഞ്ഞാണിട്ടു.
4. ഫോറസ്റ്റുകാർ തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തിയ പൊന്നുമത്തായിയുടെ കേസ് CBI അന്വേഷണത്തിൽ എത്തിച്ചുകൊണ്ട് നീതിക്കായുള്ള നിയമ പോരാട്ടം തുടരുന്നു.
5. കേരളത്തിൽ ഉടനീളം വന്യമൃഗശല്യം ഉണ്ടാവുന്ന ആളുകൾക്ക് നഷ്ടപരിഹാരം വാങ്ങി നൽകുന്നതിന് കിഫ പ്രത്യേകം ശ്രദ്ധ ചെലുത്തിവരുന്നു. 24 മണിക്കൂറിനകം വനംവകുപ്പ് നഷ്ടപരിഹാരം കൊടുത്തു തുടങ്ങിയത് കിഫയുടെ ജാഗ്രതയോടെയുള്ള പ്രവർത്തനം ഒന്നുകൊണ്ടുമാത്രം ആണ്.
6. പാലക്കാട് ജില്ലയിൽ കർഷകന്റെ റവന്യൂ ഭൂമിയിൽ വനം വകുപ്പ് അന്യായമായി കടന്നുകയറി സ്ഥാപിച്ച ജണ്ട ഫോറസ്റ്റ് ഉദ്യോഗസ്ഥരെക്കൊണ്ടുതന്നെ പൊളിച്ചു നീക്കം ചെയ്യിപ്പിച്ചു.
7. വിവരാവകാശ നിയമം ഒരു പടവാളാണെന്ന് തെളിയിച്ചുകൊണ്ട് ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തെ നിലയ്ക്ക് നിർത്തിത്തുടങ്ങി.
8. വനം വകുപ്പിലെ ചില ക്രൂരന്മാർ കർഷകർക്കെതിരെ പ്രയോഗിച്ചിരുന്ന മൂന്നാംമുറകൾക്ക് അന്ത്യം കുറിച്ചു.
9. പരമ്പരാഗതമായ സമരരീതികൾ മാറ്റി നിയമയുദ്ധങ്ങളും വിവരാവകാശ രേഖകളും ആയുധമായി സ്വീകരിച്ചതുകൊണ്ട് പ്രവർത്തനങ്ങൾ പെട്ടെന്ന് ഫലപ്രാപ്തിയെത്താനും സമരക്കാരെ കേസിൽ നിന്നും സംരക്ഷിക്കാനും കഴിഞ്ഞു.

10. കിഫയുടെ അതിശക്തമായ ലീഗൽ വിഭാഗം കേരളമാകെ വ്യാപിച്ചുകിടക്കുന്നു. കഴിവ് തെളിയിച്ച അഭിഭാഷകരുടെ വലിയ ഒരുസംഘം തന്നെ കർഷകരുടെ വിഷയത്തിൽ നീതി ഉറപ്പാക്കാൻ ജാഗ്രതയോടെ നിലകൊള്ളുന്നു.

11. കാര്യങ്ങൾ ആഴത്തിൽ പഠിക്കുകയും, ഡാറ്റയുടെ പിൻബലത്തോടെയുള്ള സംവാദങ്ങളിൽ ഏർപ്പെടുകയും ചെയ്തതുവഴി കപട പരിസ്ഥിതിവാദ തൊഴിലാളികളുടെ വായടപ്പിക്കുകയും ഒരു പരിധിവരെ അവരെ നമുക്ക് അനുകൂലമാക്കുകയും ചെയ്തു.

12. സംഘടനയുടെ പ്രവർത്തനവും പിൻബലവും പഠനക്ലാസ്സുകളും കർഷകർക്ക് ചോദ്യങ്ങൾ ചോദിക്കാനും എതിർക്കേണ്ടതിനെ എതിർക്കാനുമുള്ള ആത്മവിശ്വാസം പകർന്നു നൽകുന്നു.

13. കാട്ടുപന്നി വിഷയത്തിൽ, കൃഷി നശിപ്പിക്കുന്ന പന്നികളെ ഏതുവിധേനയും കൊല്ലാൻ കോടതിയുടെ അനുമതി കിഫ കർഷകർക്ക് നേടിക്കൊടുത്തു.

14. കർഷകരുടെ പ്രശ്നങ്ങൾ മാധ്യമശ്രദ്ധയിൽ കൊണ്ടുവരുന്നതിനും, മുൻവിധിയോടെയുള്ള മാധ്യമങ്ങളുടെ ആഖ്യാനം തിരുത്തിയെഴുതാൻ അവരെ നിർബന്ധിതരാക്കാനും കിഫയുടെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞു.

15. കർഷകർക്കെതിരെ കള്ളക്കേസ് എടുത്താൽ നീതി ലഭിക്കുവാൻ ഏതറ്റംവരെയും കിഫ കൂടെയുണ്ടാകുമെന്നും തെളിയിച്ചു. കേളകം ചീങ്കണ്ണിപ്പുഴയിൽ ചൂണ്ടയിട്ട കർഷകനെതിരെ വനം വകുപ്പ് കള്ളക്കേസ് എടുത്തപ്പോൾ, ശക്തമായ നിയമനടപടികളിലൂടെ കിഫ ചെറുത്തുനിന്നു.

16. ESZ, EFL, ESA എന്നിവ എന്താണെന്ന് വ്യക്തമാക്കുകയും അത് എത്രത്തോളം, എങ്ങിനെയെല്ലാം ജനങ്ങളെയും കർഷകരെയും ബാധിക്കുമെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുകയും ഹൈക്കോടതിയിലും സുപ്രീംകോടതിയിലും നിയമപോരാട്ടങ്ങൾ നടത്തുകയും ചെയ്യുന്നു.

17. വന്യമൃഗങ്ങൾ വരുത്തുന്ന കൃഷിനാശം കർഷകർ നേരിടുന്ന ഏറ്റവും വലിയ ദുരന്തമാണെന്ന് കിഫ ഉയർത്തിക്കാട്ടി. വന്യമൃഗശല്യത്താൽ കൃഷിനശിപ്പിക്കപ്പെടുന്നതിന്റെ ഉത്തരവാദിത്വം വനം വകുപ്പിന്റേതാണെന്ന് സ്ഥാപിക്കാൻ കിഫയുടെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞു.

18. കാട്ടുപന്നി വിഷയത്തിൽ നിയമസഭയെ തെറ്റിധരിപ്പിച്ചതിന് വനംമന്ത്രിയുടെ ഓഫീസിലെ 4 ജീവനക്കാരെ സസ്പെന്റ് ചെയ്യാൻ സർക്കാരിനെ നിർബന്ധിതമാക്കി.

19 ബഫർസോൺ വിഷയത്തിൽ കണ്ണും കാതും തുറന്നുവച്ച് ജാഗ്രതയോടെയുള്ള പ്രവർത്തനങ്ങൾ തുടരുന്നു.

# കിഫ പത്രവാർത്തകളിൽ

*(കിഫയെ മൗനത്തിന്റെ പുതപ്പുകൊണ്ട് മൂടുവാൻ പത്രങ്ങൾക്ക് അധികാരികളുടെ നിർദേശം — എന്നാൽ സത്യത്തിന്റെ മിന്നൽക്കസവുലയുന്ന മാധ്യമപ്രഭാതങ്ങൾ കേരളത്തിൽ ഇന്നും പൊട്ടിവിരിയുന്നു — അതുതന്നെയല്ലേ യഥാർത്ഥ പത്രധർമ്മം? കിഫയുടെ പ്രവൃത്തികൾ പത്രഭാഷ പറയുന്നത് വായിക്കാം.)*

## Maps of eco-sensitive zones, satellite survey aggravate farmers' confusion

## ESZ map has no legal standing: Farmers' assn

**UDF govt included human-inhabited areas in buffer zone: Satheesan**

CONTINUED FROM P1

MANOJ VISWANATHAN

## ബഫർ സോൺ: സർക്കാരിനു മാർഗനിർദേശവുമായി കിഫ

ദീപിക

## പുഴയിൽ ചൂണ്ടയിട്ട വിമുക്തഭടൻ നിരപരാധിയെന്ന് വനം വകുപ്പ്; കേസ് അവസാനിപ്പിച്ചു



മാതൃഭൂമി

മാതൃഭൂമി

## പീച്ചി, വാഴാനി വന്യജീവി സങ്കേതത്തിന്റെ അതിർത്തി പുനർനിർണയിക്കണം -കിഫ

KIFA

മാതൃഭൂമി

## പുലിയെ പിടിക്കാൻ കൂട് സ്ഥാപിക്കാത്തതിനാൽ പ്രതിഷേധം

പ്രാദേശികം

## മലയോര നിവാസികളുടെ പ്രതിഷേധ സദസ്സ് 4ന്

KIFA

ഭൂപതിവു ചട്ട ഭേദഗതി

## അഡീഷനൽ ചീഫ് സെക്രട്ടറിയുടെ ഉത്തരവ് ഭൂപ്രശ്നങ്ങൾ വഷളാക്കുന്നത്: സിപിഎം

## മലയോര നിവാസികളുടെ പ്രതിഷേധ സദസ്സ്


## ഇൻഡിപെൻഡന്റ് ഫാർമേഴ്സ് അസോ. റോസ്മല യൂണിറ്റ് രൂപീകരിച്ചു


## ഭൂനികുതി വർധനയിൽനിന്നും സർക്കാർ പിന്മാറണം: കിഫ

# ഇഎസ്എ വിഷയത്തിൽ സർക്കാർ ഒളിച്ചുകളി അവസാനിപ്പിക്കണമെന്ന് കിഫ

22 മലയാള മ

## തോംപ്രാംകുടിയിലെ കർഷകർ ഓണത്തിന് പട്ടിണി സമരത്തിന്





## കർഷകർ കലക്ടറേറ്റിലേക്കു മാർച്ച് നടത്തി



# 57% കർഷകരുടെ കിടപ്പാടം പണയത്തിൽ

**കേരളത്തിലെ ആളോഹരി കാർഷിക കടബാധ്യത 546 രൂപയെന്നു പഠനം**

### പലിശയും പിഴപ്പലിശയും എഴുതിത്തള്ളണം

## കിഫയുടെ റാലിയും പ്രതിരോധ സദസും

# കർഷക വിരുദ്ധ നയങ്ങൾക്കെതി


# മണ്ണാർക്കാട്ട് പ്രതിഷേധം ഇരമ്പി






# ബഫർ സോൺ: മലയോര മേഖലകളിൽ പ്രതിഷേധം കനക്കുന്നു





# ചെറുത്തുനിൽപ്പിന്റെ കഥകൾ

*(വനം വകുപ്പിന്റെ കിരാതമായ നടപടികൾ നേരിട്ട മനുഷ്യാത്മാക്കൾ — കരകയറാൻ കരുത്തില്ലാതെ അനുനിമിഷം ഇരുട്ടിലേയ്ക്ക് താണുകൊണ്ടിരുന്നവർ — മലയോരത്ത് കണ്ണീർകനത്ത ദിനങ്ങൾ.*

*പെട്ടെന്നാണ് ആകാശം തെളിഞ്ഞത് — കിഫയുടെ ആഗമനം മലയോരത്തിനു പ്രഹർഷമായി — നീതിക്കുവേണ്ടി വിജയം വരെയുള്ള കിഫയുടെ പോരാട്ടങ്ങൾ — ആവേശമുണർത്തുന്ന ആ കഥകളിൽ ചിലത് ഇവിടെ വായിക്കാം.)*

## ഗോപാലനെ പുലി ഗോപാലനാക്കിയ കിഫ

മാങ്കുളം പഞ്ചായത്തിൽ വനം വകുപ്പിന്റെ ജൈവായുധങ്ങളിൽ ഒന്നായ പുലി പ്രത്യക്ഷപ്പെടുന്നതു പുതുമയല്ല. എന്നാൽ, അതിരാവിലെ പുറത്തേക്കിറങ്ങിയ ഗോപാലൻ എന്ന ആദിവാസി യുവാവിനെ പുലി ആക്രമിച്ചപ്പോൾ തന്റെ സന്തതസഹചാരിയായ വാക്കത്തി ഉപയോഗിച്ച് ഗോപാലൻ പുലിയെ നേരിട്ടുകീഴ്പ്പെടുത്തി ധീരനായെങ്കിലും വനം വകുപ്പിന്റെ മനുഷ്യ കുപ്പായമിട്ട ചെന്നായ്ക്കൾ ഗോപാലനെ വളഞ്ഞു. പക്ഷേ, കിഫ തെളിച്ച അറിവിന്റെ വെളിച്ചം കെടാതെ സൂക്ഷിച്ച ഒരു ചെറുപ്പക്കാരന്റെ, 'സ്വയരക്ഷയ്ക്ക് കൊന്നാൽ കേസ് എടുക്കാൻ വകുപ്പില്ലല്ലോ,' എന്ന ചോദ്യത്തിന് മുന്നിൽ വനം വകുപ്പ് നിശബ്ദരായി.

എന്ത് സഹായത്തിനും കിഫ ഉണ്ടെന്നുപറഞ്ഞ് നാട്ടുകാരെ ധൈര്യപ്പെടുത്താനും നിയമ അവബോധം നൽകാനും കിഫ എറണാകുളം / കോട്ടയം ജില്ലാ പ്രസിഡൻറുമാർ അന്നേ ദിവസം മുഴുവൻ മുന്നിൽ നിന്നപ്പോൾ കേസെടുക്കില്ല എന്ന് വനം മന്ത്രിക്ക് പ്രഖ്യാപിയ്ക്കേണ്ടിവന്നു.

ആശുപത്രിയിലായ ഗോപാലന് ചികിത്സാ സഹായമായി 10000 രൂപ നൽകി കിഫ കൈത്താങ്ങായി. പിന്നീട് ഒരു പൊതുസമ്മേളനം നടത്തി ജിം കോർബെറ്റ് അവാർഡ് നൽകിയും കിഫ ഗോപാലനെ ആദരിച്ചു. സാരമായ പരിക്ക് പറ്റിയതിനാൽ ജോലി ചെയ്തു ജീവിക്കാൻ സാധിക്കാതെവന്ന ഗോപാലനുവേണ്ടി കൂടുതൽ എന്തെങ്കിലും ചെയ്യാൻ കിഫ ഇന്നും ശ്രമിക്കുന്നു.

## ചീങ്കണ്ണിപ്പുഴ വീണ്ടെടുക്കൽ

2020 ഡിസംബർ 26-ാം തീയതി കണ്ണൂർ ജില്ലയിലെ കേളകം പഞ്ചായത്തിലൂടെ ഒഴുകുന്ന ചീങ്കണ്ണിപ്പുഴയിൽ തന്റെ വീടിനു സമീപം ചൂണ്ടയിടുകയായിരുന്നു പ്രിൻസ് ദേവസ്യ എന്ന വിമുക്തഭടൻ. ചീങ്കണ്ണിപ്പുഴയ്ക്ക് അക്കരെ റവന്യൂ ഭൂമിയും കഴിഞ്ഞ് ആറളം വന്യജീവി സങ്കേതം ആണ്. ഈ സമയം ആറളം വന്യജീവി സങ്കേതത്തിലെ ഒരുകൂട്ടം വനം വകുപ്പ് വാച്ചർമാർ കടന്നു വരികയും ചൂണ്ട ബലമായി പിടിച്ചു വാങ്ങുകയും, പ്രിൻസിനെ പിടിച്ചു നിർത്തി ചിത്രങ്ങൾ എടുക്കുകയും, മജുംദാർ എന്ന വാച്ചർ 'ഇവനെ ഞാൻ വനത്തിനകത്ത് കണ്ടു, ഇവന്റെ പേരിൽ കേസെടുക്കണം' എന്ന് കൂടെയുണ്ടായിരുന്നവരോട് ആക്രോശിക്കുകയും ചെയ്തു. തുടർന്ന് പ്രിൻസിനോട് ഫോറസ്റ്റ് ഓഫീസിൽ എത്തിച്ചേരാൻ അവർ ആജ്ഞാപിച്ചു.

പ്രിൻസ് ഉടനടി ഫോറസ്റ്റ് ഓഫീസിൽ എത്തിച്ചേർന്നപ്പോൾ, ഡെപ്യൂട്ടി റേഞ്ചർ ജയേഷ് ജോസഫ് ചാടി വരികയും പ്രിൻസിനെ മർദ്ദിക്കാൻ ആജ്ഞാപിക്കുകയും ചെയ്തു. തുടർന്ന് മജുംദാർ മുന്നോട്ടുവരികയും നിന്റെ പേരിൽ കേസെടുത്തിട്ടുണ്ട് എന്നും ഓടി രക്ഷപ്പെടാൻ ആക്രോശിക്കുകയും ചെയ്തു. പ്രിൻസ് തിരികെ വീട്ടിലെത്തി നാട്ടുകാരെ വിവരം ധരിപ്പിച്ചു. തുടർന്ന് കിഫയുടെ പ്രവർത്തകരും, പ്രദേശവാസികളും  വ്യാപകമായി സംഘടിക്കുകയും ആ പ്രദേശം ഇതുവരെ കാണാത്ത രീതിയിലുള്ള പ്രതിഷേധ പരിപാടികളിലേക്ക് കടക്കുകയും ചെയ്തു. മഹസ്സറിൽ പറഞ്ഞിരുന്നത് പ്രിൻസ് വനത്തിനുള്ളിൽ വന്യമൃഗത്തെ വേട്ടയാടാനായി കെണി സ്ഥാപിച്ചു, വനം വകുപ്പ് ഉദ്യോഗസ്ഥരെ കണ്ട് ഓടി രക്ഷപ്പെട്ടു എന്നതാണ്. ജാമ്യമില്ലാ വകുപ്പുകളാണ് ചുമത്തിയിരുന്നത്. കിഫ പ്രിൻസിന്റെ മുൻകൂർ ജാമ്യാപേക്ഷയുമായി ബഹു. ഹൈക്കോടതിയെ സമീപിക്കുകയും, ഹൈക്കോടതിയിൽ നിന്നും മുൻകൂർ ജാമ്യം നേടിയെടുക്കുകയും ചെയ്തു. തുടർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയെല്ലാം സ്ഥലം മാറ്റുകയുണ്ടായി.

പിന്നീട് ഈ കേസ് അന്വേഷിക്കാൻ ചുമതലപ്പെട്ട അസി. വൈൽഡ് ലൈഫ് വാർഡൻ ഒന്നരവർഷത്തിനുശേഷം അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ടിൻ പ്രകാരം കേസെടുത്ത ആൾ സംഭവ സ്ഥലത്ത് ഉണ്ടായിരുന്നില്ലെന്നും, കേസ് വ്യാജമായി കെട്ടിച്ചമച്ചതാണെന്നും, ആയതിനാൽ കേസ് ഡ്രോപ്പ് ചെയ്യുന്നതാണ് ഉചിതം എന്നുമായിരുന്നു ശുപാർശ. തുടർന്ന് കേസ് കോടതിയിൽ ചാർജ് ചെയ്യാതെ, ഉപേക്ഷിക്കാൻ കേസെടുത്ത വനം വകുപ്പ് നിർബന്ധിതരായി. അങ്ങനെ അപൂർവങ്ങളിൽ അപൂർവമായി തങ്ങളുടെ അഭിമാന പ്രശ്നമായി മാറിയ ഒരു കേസ് കിഫയുടെ പഴുതടച്ച നീക്കങ്ങളും ചെറുത്തുനിൽപ്പും നിമിത്തം വനം വകുപ്പ് ഉപേക്ഷിച്ചു.

ഈ കേസ് നിമിത്തം മറ്റൊരു വിപ്ലവം കൂടിയാണ് സൃഷ്ടിക്കപ്പെട്ടത്. ചീങ്കണ്ണിപ്പുഴ കൈപ്പിടിയിലൊതുക്കി ആറളം വന്യജീവി സങ്കേതത്തിന്റെ ഭാഗമാക്കാനുള്ള വനം വകുപ്പിന്റെ കുതന്ത്രങ്ങൾ ജനം തിരിച്ചറിഞ്ഞു. കിഫ വിവരാവകാശ നിയമപ്രകാരം പുറത്തെത്തിച്ച രേഖകളിലൂടെ ചീങ്കണ്ണിപ്പുഴ റവന്യൂ ഭൂമിയിലൂടെയാണ് ഒഴുകുന്നതെന്ന അടിസ്ഥാനസത്യം പ്രദേശവാസികൾക്ക് മനസ്സിലായി. പ്രിൻസും, അദ്ദേഹത്തിന്റെ കുടുംബവും ഈ കള്ളക്കേസ് നിമിത്തം രണ്ടു വർഷക്കാലം അനുഭവിച്ച മാനസികവും ശാരീരികവുമായ സംഘർഷങ്ങൾ ചെറുതല്ല. ഈ കേസിൽ ആദ്യാവസാനം പ്രിൻസിന്റെ കൂടെ നിന്ന് വിവരാവകാശ നിയമങ്ങൾ ഉപയോഗിച്ചും, കോടതി വഴിയും കിഫ നടത്തിയ പോരാട്ടങ്ങൾ വലുതാണ്. ഇപ്പോഴും കുറ്റക്കാർക്കെതിരെ നടപടിക്കായി കിഫ കോടതിയിൽ ഉണ്ട്.

## മന്ദൻകൊല്ലി–പരാതിയും നടപടിയും

വയനാട് ജില്ലയിൽ വ്യാപകമായി ജനവാസ മേഖലകളിൽ കടുവ ഇറങ്ങുന്നു എന്ന പരാതി കർഷകർ ഉയർത്തിയിരുന്നു. 2022 ഫെബ്രുവരി മാസത്തിൽ സുൽത്താൻബത്തേരി മുനിസിപ്പാലിറ്റിയിൽ ഉൾപ്പെട്ട മന്ദൻകൊല്ലി എന്ന സ്ഥലത്തു ഒരു കടുവക്കുഞ്ഞ് പൊട്ടക്കിണറ്റിൽ വീണു. വനം വകുപ്പ് ആ കടുവ ക്കുഞ്ഞിനെ പിടികൂടി തള്ളക്കടുവയുടെ സാന്നിദ്ധ്യം ഉണ്ടെന്ന് വനം വകുപ്പ് അവകാശപ്പെട്ട ഒരു വനപ്രദേശത്ത് തുറന്നുവിട്ടു. ഈ കടുവക്കുഞ്ഞിനെ അവർ പിടികൂടിയപ്പോഴും പിന്നീട് വനത്തിൽ തുറന്നുവിട്ട അവസരത്തിലും നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റി (NTCA) അനുശാസിക്കുന്ന മാർഗനിർദേശങ്ങൾ–സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡിയർ (SOP)-പാലിക്കാതെയാണ് പ്രവർത്തിച്ചത്.

കടുവക്കുഞ്ഞ് വീണ സ്ഥലത്തു സമീപവാസികൾ പിന്നീട് കടുവയുടെ സാന്നിദ്ധ്യം ഉണ്ട് എന്ന് പരാതിപ്പെടുകയും വനം വകുപ്പ് 8 ക്യാമറകൾ സ്ഥാപിക്കുകയും ചെയ്തു.

എന്നാൽ വനം വകുപ്പിന്റെ ക്യാമറയിൽ കടുവയുടെ സാന്നിദ്ധ്യം ഇല്ല എന്ന നിലപാടാണ് വനം വകുപ്പ് സ്വീകരിച്ചത്. പ്രദേശവാസികളുടെ അഭ്യർത്ഥന മാനിച്ച് കിഫ ആ പ്രദേശത്തെ ഒരു സ്വകാര്യ ഭൂമിയിൽ ക്യാമറ സ്ഥാപിക്കുകയും ആ ക്യാമറയിൽ അമ്മ കടുവയുടെ സാന്നിദ്ധ്യം ലഭ്യമാവുകയും ചെയ്തു.

കിഫ PRO മനുഷ്യാവകാശ കമ്മീഷൻ മുൻപാകെ ഒരു പരാതി കൊടുക്കുകയും പ്രസ്തുത പരാതിക്ക് മറുപടിയായി സൗത്ത് വയനാട് DFO വയനാട്ടിൽ ജനങ്ങൾ കടുവയെ വളരെയേറെ സ്നേഹിക്കുന്നു എന്നും കിഫ ഭീതി സൃഷ്ടിക്കുകയാണെന്നും, മറ്റു ബഹുജന സംഘടനകൾക്കു പരാതി ഇല്ലെന്നും മറുപടി ലഭിക്കു കയുംചെയ്തു. കിഫയുടെ നേതൃത്വത്തിൽ നൂറോളം കർഷകർ ഒപ്പിട്ട ഒരു പരാതി കടുവയെ കൂടുവെച്ച് പിടിക്കണം

എന്നാവശ്യപ്പെട്ടു വനം വകുപ്പ് അധികാരികൾക്ക് നൽകുകയും ചെയ്തു .

മനുഷ്യാവകാശ കമ്മീഷന് കിഫ കൊടുത്ത പരാതിയിൽ 2023 ഫെബ്രുവരി 10 ന് മനുഷ്യവകാശ കമ്മീഷൻ ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചു. മനുഷ്യാവകാശ കമ്മീഷൻ സംസ്ഥാന വനം വന്യജീവി പ്രിൻസിപ്പൽ സെക്രട്ടറിയോട് സുൽത്താൻ ബത്തേരി പ്രദേശത്തുള്ള കടുവയുടെ നിരന്തരമായ ശല്യങ്ങൾക്ക് മൂന്നു മാസത്തിനകം കമ്മീഷൻ മുൻപാകെ വിശദമായ റിപ്പോർട്ട് സമർപ്പിക്കണം എന്ന് ഇടക്കാല ഉത്തരവായി. കിഫയുടെ ജനപക്ഷത്തു നിന്നുള്ള പ്രവർത്തനങ്ങളുടെ ഒരു വിജയമാണ് ഈ ഇടക്കാല ഉത്തരവിലൂടെ നേടിയെടുക്കാൻ കഴിഞ്ഞത് .

## വന്യമൃഗ ആക്രമണ സംഭവങ്ങളിൽ വനപാലകർക്കും ജില്ലാ കളക്ടർക്കും എതിരെ ക്രിമിനൽ കുറ്റം ചുമത്താമോ?

കേരളത്തിൽ സമീപകാലത്തായി വന്യമൃഗ ആക്രമണങ്ങൾ വർദ്ധിച്ച തോതിൽ നടക്കുന്നുണ്ട്. വനത്തിനുള്ളിൽ ഉൾക്കൊള്ളിക്കാവുന്നതിലധികം വന്യമൃഗങ്ങളുടെ വംശവർദ്ധന പ്രോത്സാഹിപ്പിക്കുന്നത് വഴിയാണ് അത് സംഭവിക്കുന്നത്. വന്യമൃഗങ്ങൾ വനത്തിനുള്ളിൽ കഴിയേണ്ടവയും അവയെ വനത്തിനുള്ളിൽ സംരക്ഷിക്കേണ്ടതും പരിപാലിക്കേണ്ടതും വനം വകുപ്പ് ജീവനക്കാരുടെ ചുമതല ആണ്. പൊതുജനങ്ങളിൽ നിന്നും വന്യമൃഗങ്ങൾക്കോ വന്യമൃഗങ്ങളിൽ നിന്ന് പൊതുജനങ്ങൾക്കോ അപകടം ഉണ്ടാകാതെ നോക്കേണ്ട ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥർക്ക് പൊതുജനങ്ങളുടെ നികുതിപ്പണം ഉപയോഗിച്ച് ഭീമമായ ശമ്പളവും നൽകുന്നുണ്ട്. എന്നാൽ കേരളത്തിലുടനീളമുള്ള വിവിധ വനങ്ങളിൽ നിന്നും ഹിംസ്ര ജന്തുക്കൾ ജനവാസ മേഖലകളിൽ കടന്ന് മനുഷ്യജീവനും സ്വത്തിനും കൃഷിക്കും കെട്ടിടങ്ങൾക്കും നാശനഷ്ടം വരുത്തുന്ന സംഭവങ്ങൾ ഇന്ന് പ്രമുഖ മാധ്യമങ്ങളിൽ നാം സ്ഥിരമായി കാണുന്നു. നൂറുകണക്കിന് മനുഷ്യജീവനുകളാണ് കഴിഞ്ഞ വർഷങ്ങളിൽ വന്യമൃഗങ്ങൾ തച്ചുടച്ചത്.

വന്യമൃഗങ്ങൾ വനം വകുപ്പിന്റെ കൈവശത്തിലും വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിലുമാണ് പാർക്കേണ്ടത്. അപ്രകാരം തങ്ങളുടെ കൈവശത്തിലുള്ള വന്യമൃഗങ്ങൾ ജനവാസ മേഖലകളിൽ ഇറങ്ങി നാശനഷ്ടം വരുത്തുന്ന സംഭവങ്ങളിൽ അതിന് ചുമതലക്കാരായുള്ള ഉദ്യോഗസ്ഥർ ക്രിമിനൽ നിയമമനുസരിച്ച് കുറ്റക്കാരാണ്. പക്ഷേ കേരളത്തിലെ പോലീസ് സംവിധാനം ഇത്തരക്കാർക്കെതിരെ കേസെടുക്കുന്നതിനോ അവരെ നിയമത്തിനു മുമ്പിൽ കൊണ്ടുവരുന്നതിനോ ശിക്ഷ വാങ്ങിക്കൊടുക്കുന്നതിനോ

ശ്രമിക്കാറില്ല.

കേരളത്തിലെ കർഷകരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകണമെന്നും വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും അവരെ രക്ഷിക്കണമെന്നും ശക്തിയുക്തം നിലപാടെടുക്കുന്ന കിഫ എന്ന കേരളാ ഇൻഡിപെൻഡന്റ് ഫാർമേഴ്സ് അസ്സോസിയേഷൻ ഈ കാര്യത്തിൽ ഉറച്ച നിലപാടുമായി മുമ്പോട്ടു പോകുന്നു.

## പാലപ്പിള്ളിയിലെ പീതാംബരനും സൈനുദ്ദീനും

29/08/2021-ാം തീയതി പതിവുപോലെ തങ്ങൾ ജോലിക്കാരായ റബ്ബർ എസ്റ്റേറ്റിൽ ടാപ്പിംഗിനായി അതിരാവിലെ പുറപ്പെട്ടതായിരുന്നു. തൃശ്ശൂർ പാലപ്പിള്ളിയിലെ സൈനുദ്ദീനും പീതാംബരനും. എന്നാൽ ഇരുവരെയും വനത്തിൽ നിന്നും ഇറങ്ങിയ കാട്ടാന കൊല ചെയ്തു. കേരളാ ഇൻഡിപെൻഡന്റ് ഫാർമേഴ്സ് അസ്സോസിയേഷൻ തൃശ്ശൂർ ജില്ലാ പ്രസിഡന്റ് മുഖേന ഈ കാര്യത്തിൽ പാലപ്പിള്ളി പോലീസ് സ്റ്റേഷൻ മുമ്പാകെ വന്യജീവി സങ്കേതത്തിന്റെ ചുമതലക്കാരായ ഉദ്യോഗസ്ഥർക്കെതിരെയും മേലുദ്യോഗസ്ഥർക്കെതിരെയും ക്രിമിനൽ കുറ്റം ചുമത്തി അന്വേഷണം നടത്തി ചാർജ് ബോധിപ്പിക്കണമെന്ന് അപേക്ഷ നൽകി. ഇന്ത്യൻ ശിക്ഷാനിയമം 289, 304, 304 A എന്നിങ്ങനെയുള്ള വകുപ്പുകൾ പ്രകാരം വനം വകുപ്പ് ഉദ്യോഗസ്ഥർ ശിക്ഷ അനുഭവിക്കേണ്ടതാണെന്ന് കിഫ പരാതിയിൽ ആവശ്യപ്പെട്ടു. ഉദ്യോഗസ്ഥർക്കെതിരെ മേൽപ്രകാരം കേസ് എടുക്കുന്നതിന് പോലീസ് തയ്യാറായില്ല, ആയതിനെതിരെ ജില്ലാ പോലീസ് സൂപ്രണ്ടിനുമുമ്പാകെ നൽകിയ പരാതി നാളിതുവരെ തീരുമാനമായിട്ടില്ല.

## 5 വയസ്സുകാരി അഗ്നിമിയയും മുത്തശ്ശനും

തന്റെ പിതാവിന്റെയും മുത്തച്ഛന്റെയും ഒപ്പം ക്ഷേത്രദർശനം കഴിഞ്ഞ് മടങ്ങുകയായിരുന്ന, അഗ്നിമിയയെയും മുത്തച്ഛനെയും തൃശ്ശൂരിൽ വെച്ച് 7.2.2022ൽ കാട്ടാന ആക്രമിച്ച് കൊലപ്പെടുത്തി. ഈ സംഭവത്തിലും വന്യമൃഗങ്ങളെ വനത്തിനുള്ളിൽ നിർത്തുന്നതിനും ജനവാസ മേഖലകളിലേയ്ക്ക് കടക്കാതെ നോക്കുന്നതിന് ചുമതല ഉണ്ടായിരുന്ന വനപാലകരും ടി ആളുകൾ യഥാവിധം ജോലി ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ട മേലുദ്യോഗസ്ഥരും കുറ്റകരമായ അനാസ്ഥ കാണിച്ചതുകൊണ്ടും അപ്രകാരമുള്ള

അനാസ്ഥമൂലം മനുഷ്യജീവന് അപകടം വരുമെന്ന അറിവോടെ വർത്തിച്ചതുകൊണ്ടും ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 289, 326, 304, 304A വകുപ്പുകൾ പ്രകാരം കുറ്റവാളികളും ശിക്ഷയ്ക്ക് അർഹരുമാണ് എന്ന് ചൂണ്ടിക്കാണിച്ച് കിഫ പോലീസ് സ്റ്റേഷൻ മുമ്പാകെ പരാതി ബോധിപ്പിച്ചിട്ടുള്ളതാണ്.

## കണ്ണൂർ ഇരിട്ടിയിലെ ജസ്റ്റിനും ഭാര്യയും

26.9.2021-ാം തീയതി രാവിലെ പള്ളിയിലേയ്ക്ക് കുർബ്ബാന കാണുന്നതിന് മോട്ടോർസൈക്കിളിൽ പുറപ്പെട്ടതായിരുന്നു ജസ്റ്റിനും ഭാര്യയും. വനപ്രദേശത്തുനിന്നും പത്ത് കിലോമീറ്ററിലേറെ അകലെയുള്ള പൊതുവഴിയിൽ വെച്ച് കാട്ടാന ഇരുവരെയും ആക്രമിച്ചു. കാട്ടാനയുടെ ആക്രമണത്തിൽ ജസ്റ്റിൻ കൊല്ലപ്പെടുകയും ഭാര്യയ്ക്ക് ഗുരുതരമായി പരിക്ക് ഏൽക്കുകയും ചെയ്തു. വനപാലകരുടെ കുറ്റകരമായ കൃത്യവിലോപം മൂലമാണ് ഇപ്രകാരമൊരു കൊലപാതകം നടന്നത് എന്ന് ചൂണ്ടിക്കാട്ടി കുറ്റക്കാരായ വനപാലകർക്കെതിരെ നടപടി എടുക്കണമെന്നാവശ്യപ്പെട്ട് കേരളാ ഇൻഡിപെൻഡന്റ് ഫാർമേഴ്സ് അസ്സോസിയേഷൻ കണ്ണൂർ ജില്ലാ പ്രസിഡന്റ് മുഖേന ഇരിട്ടി പോലീസ് സ്റ്റേഷനിലും, എന്നാൽ അവിടെനിന്നും യുക്തമായ നടപടി ഉണ്ടാവാത്തതു മൂലം കണ്ണൂർ ജില്ലാ പോലീസ് ചീഫിനും പരാതി നൽകിയിട്ടുണ്ട്.

## വയനാട്, പുതുശ്ശേരിയിലെ തോമസും (സാലു) കടുവയും

12.1.2023-ാം തീയതി രാവിലെ 10 മണിക്കാണ് വയനാട്ടിൽ പുതുശ്ശേരി വെള്ളാരംകുന്ന് എന്ന സ്ഥലത്ത് പള്ളിപ്പുറത്ത് തോമസ് (സാലു) എന്ന കർഷകൻ തന്റെ കൃഷിയിടത്തിൽ വെച്ച് കടുവയുടെ ആക്രമണത്തിൽ പരിക്കേറ്റതും തുടർന്ന് മരണത്തിന് കീഴ്പ്പെട്ടതും. വനാതിർത്തിയിൽ നിന്നും 4 കിലോമീറ്ററിലേറെ ദുരം ഉള്ള സ്ഥലത്തുവച്ചാണ് സാലു ആക്രമിക്കപ്പെട്ടത്. വയനാട് ഫോറസ്റ്റ് ഡിവിഷനിൽ നിന്ന് ധാരാളം വന്യമൃഗങ്ങൾ മനുഷ്യജീവനും സ്വത്തിനും അപകടം വരുത്തുമെന്ന് അറിയാവുന്ന ബന്ധപ്പെട്ട വനംവകുപ്പ് ഉദ്യോഗസ്ഥർ കുറ്റകരമായ കൃത്യവിലോപം നടത്തിയതുമൂലമാണ് കടുവ വനം വിട്ട് പുറത്തിറങ്ങി ഇപ്രകാരമൊരു ദുരന്തം വരുത്തിവെച്ചത്. ഈ സംഭവവുമായി ബന്ധപ്പെട്ട കേരളാ ഇൻഡിപെൻഡന്റ് ഫാർമേഴ്സ് അസ്സോസിയേഷൻ വയനാട് ജില്ലാ പ്രസിഡന്റ് മുഖേന

തൊണ്ടർനാട് പോലീസ് സ്റ്റേഷനിലും തുടർന്ന് വയനാട് ജില്ലാ പോലീസ് ചീഫ് മുമ്പാകെയും പരാതി ബോധിപ്പിച്ചു.

കേരളത്തിൽ 2022-23 കാലഘട്ടത്തിൽ വന്യമൃഗങ്ങളെ വനത്തിൽ സംരക്ഷിക്കേണ്ട ഉദ്യോഗസ്ഥരുടെ കുറ്റകരമായ കൃത്യവിലോപം മൂലം നടന്ന നൂറുകണക്കിന് മനുഷ്യക്കുരുതികളിൽ ചിലതും അവയിൽ കേരളാ ഇൻഡിപെൻഡന്റ് ഫാർമേഴ്സ് അസ്സോസിയേഷൻ സ്വീകരിച്ച നടപടികളുമാണ് ഇവ.

ഇന്ത്യൻ ശിക്ഷാനിയമത്തിൽ 32-ാം വകുപ്പിൽ കുറ്റകരമായ ഒരു പ്രവൃത്തി എന്നതും കുറ്റകരമായ അനാസ്ഥയും ഒരേ ഗണത്തിൽ പരിഗണിക്കേണ്ടതാണെന്ന് അനുശാസിക്കുന്നുണ്ട്. ദുരന്തനിവാരണ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ മുഖാന്തിരവും ക്രിമിനൽ നടപടി നിയമത്തിലെ 132 (1) (എഫ്) പ്രകാരവും ജില്ലാ കളക്ടർക്ക് മനുഷ്യജീവന് ഹാനി വരുത്തിയേക്കാവുന്ന മൃഗങ്ങളെ നീക്കം ചെയ്യുന്നതിനും വേണ്ടിവന്നാൽ കൊന്നുകളയുന്നതിന് ഉത്തരവിടുന്നതിനും അധികാരം ഉണ്ട്. അധികാരം നൽകിയിരിക്കുന്നത് ആയത് യഥാസമയം ഉപയോഗിക്കാനാണ്. അധികാരം പ്രയോഗിക്കേണ്ട അവസരത്തിൽ അത് ചെയ്യാതെ ഇരിക്കുന്നത് ഒരു ക്രിമിനൽ പ്രവൃത്തി ചെയ്യുന്നതുപോലെ തന്നെയുള്ള കുറ്റകരമായ വീഴ്ചയാണ്. വന്യമൃഗങ്ങളെ വനത്തിൽ സംരക്ഷിക്കേണ്ട വനപാലകരും പൊതുജനങ്ങൾക്ക് അപകടം വരുത്തുന്ന വന്യമൃഗങ്ങളെ നീക്കം ചെയ്യുന്നതിനും വേണ്ടിവന്നാൽ കൊന്നുകളയുന്നതിന് ഉത്തരവിടാൻ അധികാരമുള്ള കളക്ടറും ആയത് ചെയ്യാതെ കുറ്റകരമായ വീഴ്ച വരുത്തി ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 289, 326, 304, 304 എ വകുപ്പുകൾ പ്രകാരവും ഇതര വകുപ്പുകൾ പ്രകാരവും ശിക്ഷാർഹരാണ്. കുറ്റക്കാരായ ഉദ്യോഗസ്ഥരെ സംരക്ഷിക്കുന്നത് ഒരു കുറ്റുകൃത്യമാകയാൽ പോലീസ് ഉദ്യോഗസ്ഥരും ഇക്കാര്യത്തിൽ നടപടി നേരിടേണ്ടവരാണ്.

നിയമപരമായ ബാധ്യതയുള്ള ഉദ്യോഗസ്ഥർ ആയത് ചെയ്യാതെ വീഴ്ച്ചവരുത്തുന്ന നടപടിമൂലം പൊതുജനങ്ങളുടെ ജീവനും സ്വത്തും കൃഷിയും നഷ്ടപ്പെടുത്തിവരുന്നത് കൈയും കെട്ടി നോക്കി നിൽക്കാൻ കേരളാ ഇൻഡിപെൻഡന്റ് ഫാർമേഴ്സ് അസ്സോസിയേഷൻ തയ്യാറല്ല എന്ന് പ്രഖ്യാപിക്കുകയാണ്.

## വന്യമൃഗ ആക്രമണവും നഷ്ടപരിഹാരവും

### വന്യമൃഗ ആക്രമണങ്ങളിൽ പരിക്കേറ്റവർക്കും കൊല്ലപ്പെട്ടവർക്കും നഷ്ടപരിഹാരം നേടിക്കൊടുക്കുന്നതു സംബന്ധിച്ച് കിഫ നടത്തിയ പ്രവർത്തനങ്ങൾ

വന്യമൃഗ ആക്രമണങ്ങളിൽ മരണപ്പെടുകയോ പരിക്കേൽക്കുകയോ ചെയ്ത സാഹചര്യങ്ങളിൽ അർഹമായ ആശ്വാസ ധനം യഥാസമയം വാങ്ങിക്കൊടുക്കുവാൻ കിഫ ശക്തമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്.

### മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ടിൽ ഷാജഹാൻ മരണപ്പെട്ട സംഭവം

മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ട് എന്ന സ്ഥലത്ത് താമസിക്കുന്ന 42 വയസ്സുള്ള ഷാജഹാൻ എന്ന കർഷകൻ 2021 മെയ് 18 ന് വീട്ടുമുറ്റത്ത് കാട്ടുപോത്തിന്റെ കുത്തേറ്റ് മരണപ്പെട്ടു. വനത്തിൽ നിന്ന് 3 കിലോമീറ്റർ അകലെയാണ് ഈ സംഭവം നടക്കുന്നത്. കിഫ പ്രവർത്തകരുടെ സമയോചിതമായ ഇടപെടലിലൂടെ 24 മണിക്കൂറിനുള്ളിൽ  കുടുംബാംഗങ്ങൾക്ക് ആശ്വാസ ധനത്തിന്റെ ഭാഗമായി 5 ലക്ഷം രൂപ വാങ്ങിക്കൊടുക്കുവാൻ സാധിച്ചു. കൂടാതെ ഷാജഹാന്റെ വിധവയ്ക്ക് വനം വകുപ്പിൽ താൽക്കാലിക ജോലി നേടിക്കൊടുക്കുവാനും കിഫ ജില്ലാ നേതൃത്വത്തിന് സാധിച്ചു. കിഫ നേതൃത്വത്തിന്റെ കൃത്യമായ ഇടപെടലുകളിലൂടെ ആശ്വാസധനത്തിന്റെ ബാക്കിയുള്ള 5 ലക്ഷം രൂപയും സമയബന്ധിതമായി വാങ്ങിക്കൊടുക്കുവാൻ സാധിച്ചു.

സംസ്ഥാനത്തുതന്നെ വന്യമൃഗ ആക്രമണത്തിൽ മരിക്കുന്ന ഒരാൾക്ക് ആശ്വാസ ധനം ഇത്ര വേഗത്തിൽ ഇതിനുമുമ്പ് ഒരിക്കലും അനുവദിച്ച് കിട്ടിയിട്ടില്ല.  സംസ്ഥാനത്ത് ഇപ്രകാരമുള്ള കേസുകളിൽ വർഷങ്ങളായി ആശ്വാസ ധനം ലഭിക്കാതെ കിടക്കുന്ന അനവധി സംഭവങ്ങളുമുണ്ട്.

## പാലക്കാട് ജില്ലയിലെ മാണി മത്തായി കേസ്

പാലക്കാട് ജില്ലയിലെ നെന്മാറ നിയോജകമണ്ഡലത്തിലെ ഒലിപ്പാറയിൽ താമസിക്കുന്ന മാണി മത്തായി എന്ന 76 വയസ്സുള്ള കർഷകൻ 2021 നവംബർ 11 ന് രാവിലെ 9 മണിക്ക് റബ്ബർ ടാപ്പിംഗ് ജോലിയിൽ ഏർപ്പെട്ടുകൊണ്ടിരിക്കുമ്പോൾ കാട്ടുപന്നി അദ്ദേഹത്തെ കുത്തി വീഴ്ത്തി ഗുരുതരമായി പരിക്കേൽപ്പിച്ചു. വിവരമറിഞ്ഞ ഉടൻതന്നെ കിഫയുടെ പ്രവർത്തകർ സംഭവസ്ഥലത്ത് എത്തുകയും സമീപവാസികളുടെ സഹായത്തോടെ മാണിച്ചേട്ടനെ ഹോസ്പിറ്റലിൽ എത്തിച്ചെങ്കിലും അദ്ദേഹത്തിന്റെ ജീവൻ രക്ഷിക്കാൻ സാധിച്ചില്ല.

മരിച്ച വ്യക്തിയുടെ ആശ്രിതർക്ക് അർഹമായ ആശ്വാസധനം നൽകുന്നതിൽ ഫോറസ്റ്റ് ഡിപ്പാർട്മെന്റ് വീഴ്ച വരുത്തിയതിനാൽ കിഫ ചെയർമാൻ വനം വകുപ്പ് മന്ത്രിയെയും, പ്രിൻസിപ്പൽ ചീഫ് കൺസെർവേറ്ററെയും ബന്ധപ്പെടുകയുണ്ടായി.

കിഫ നേതൃത്വത്തിന്റെ തുടർച്ചയായ ഇടപെടലിലൂടെ 2 ആഴ്ച കഴിഞ്ഞ് ആശ്വാസധനത്തിന്റെ ആദ്യഗഡു ആയ 5 ലക്ഷം രൂപ അനുവദിച്ചു കിട്ടി. മരിച്ച ആളുടെ കുടുംബാംഗങ്ങളും നാട്ടുകാരും കിഫയെ പൂർണവിശ്വാസത്തിൽ എടുത്തതിനാൽ എല്ലാ കാര്യങ്ങളും കൃത്യമായി ചെയ്യാൻ സാധിച്ചു.

ബാക്കി സഹായധനം 5 ലക്ഷം രൂപ, സംഭവം കഴിഞ്ഞു പത്തു മാസത്തോളമായിട്ടും മാണിചേട്ടന്റെ വിധവയ്ക്ക് കൊടുക്കാൻ വനം വകുപ്പ് ഒരു നടപടിയും സ്വീകരിക്കാതെ വന്ന സാഹചര്യത്തിൽ 2022 സെപ്റ്റംബർ മാസം ആദ്യവാരം കിഫ ലീഗൽ സെൽ മുഖേന കേരള ഹൈക്കോടതിയിൽ ഒരു റിട്ട് ഫയൽ ചെയ്ത് ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാർക്ക് ഓണം ബോണസ് കൊടുക്കുന്നതിനു മുമ്പായി വന്യജീവി ആക്രമത്തിൽ മരിച്ച മാണിച്ചേട്ടന്റെ വിധവയ്ക്ക് ബാക്കിയുള്ള ആശ്വാസധനം കൊടുത്തു തീർക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. ഹൈക്കോടതി റിട്ട് ഫയലിൽ സ്വീകരിച്ച് ഗവൺമെന്റിനു നോട്ടീസ് അയക്കുകയും ബാക്കി സഹായധനം ഉടൻ കൊടുത്തുകൊള്ളാമെന്ന് ഗവൺമെൻറ് കോടതിയെ ബോധിപ്പിക്കുകയും ചെയ്തു. അങ്ങനെ വനം വകുപ്പിന്റെ അനാസ്ഥ ചോദ്യം ചെയ്യുവാനും നീതി നടപ്പാക്കാനും കിഫ-യ്ക്ക് കഴിഞ്ഞു.

# വനം വകുപ്പിനുള്ള മറുപടിയായി സന്ദീപ് മാത്യു കേസ്

18/11/2022 വൈകിട്ട് 5 മണിക്ക്, കൊല്ലം ആര്യങ്കാവ് കടമാൻപാറയിലുള്ള തന്റെ കൃഷിസ്ഥലത്തുനിന്ന് മടങ്ങുകയായിരുന്നു സന്ദീപ് മാത്യു (39) എന്ന യുവകർഷകൻ. ആ സമയം ആര്യങ്കാവ് റേഞ്ചിന് കീഴിലുള്ള കടമാൻപാറ ഫോറസ്റ്റ് സ്റ്റേഷനിലെ ഡെപ്യൂട്ടി റേഞ്ച് ഓഫീസർ ജിൽസണും സംഘവും സന്ദീപ് സഞ്ചരിച്ച ഓട്ടോ തടഞ്ഞു നിർത്തി. ഈ സമയത്ത് എവിടെപ്പോയതാണെന്നും, വാഹനം പരിശോധിക്കണമെന്നും ആവശ്യപ്പെട്ടു. സന്ദീപിന്റെ കൃഷിയിടത്തിൽ പോയിവരികയാണെന്ന് ഓട്ടോ ഡ്രൈവർ വനപാലകരോട് മറുപടി പറഞ്ഞപ്പോൾ, മറുപടിയിൽ തൃപ്തി വരാതെ വീണ്ടും ചോദ്യം ആവർത്തിക്കുകയും വാഹനം ബലമായി പരിശോധിക്കാൻ ശ്രമിക്കുകയും ചെയ്തു.

താൻ സ്ഥിരം കൃഷിഭൂമിയില് പോയി വരുന്നതാണെന്നും ഇതേ നാട്ടുകാരനാണെന്ന് പറഞ്ഞിട്ടും കേൾക്കാതെ വന്നതോടെ സന്ദീപും വനപാലകരും തമ്മിൽ വാക്കേറ്റമുണ്ടായി. തുടർന്ന് ഇവർ സന്ദീപിനെ വലിച്ചിഴച്ചുകൊണ്ട് സ്റ്റേഷനിലുള്ളിലേക്ക് കൊണ്ടു പോയി കെട്ടിയിട്ട് അകാരണമായി മർദ്ദനം ആരംഭിച്ചു. കൈയും കാലും കെട്ടിയിട്ടാണ് മർദ്ദിച്ചത്. മർദ്ദനത്തിൽ മൂക്കിൽ നിന്നും ഒലിച്ചിറങ്ങിയ രക്തം, ധരിച്ചിരുന്ന ടീ ഷർട്ടിൽ നിറഞ്ഞു, ഇതോടെ തെളിവ് ഇല്ലാതാക്കാൻ ടീഷർട്ട് വനപാലകർ ഊരിമാറ്റി, ശേഷം സ്റ്റേഷനിൽ സെല്ലിൽ പൂട്ടിയിട്ടു. സെല്ലിൽ രക്തം തളം കെട്ടിയിട്ടുണ്ടായിരുന്നു, ചുവരുകളിൽ ചോരക്കറ പുരണ്ടിട്ടുണ്ടായിരുന്നു.

വിവരമറിഞ്ഞ് കിഫയുടെ പ്രവർത്തകർ കൊല്ലം ജില്ലാ കമ്മിറ്റിയെ വിവരം ധരിപ്പിച്ചു. ജില്ലാ കമ്മിറ്റി ഉടനടി കിഫയുടെ ലീഗൽ സെല്ലുമായി ബന്ധപ്പെടുകയും, ലീഗൽ സെല്ലിൽനിന്നും തെന്മല പോലീസ് സ്റ്റേഷനിലേക്ക് വിളിച്ച് വിഷയത്തിന്റെ ഗുരുതരാവസ്ഥ ചൂണ്ടിക്കാട്ടി നടപടികൾ എടുക്കാൻ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ തെന്മല പോലീസ് ക്രൈം സീൻ സന്ദർശിക്കാനോ,

തെളിവെടുപ്പുകൾ നടത്താനോ, പരിക്കേറ്റ സന്ദീപിനെ ആശുപത്രിയിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കാനോ ആവശ്യമായ കാര്യങ്ങൾ തുടക്കത്തിൽ ചെയ്തില്ല. കിഫയുടെ ലീഗൽ സെൽ ഡയറക്ടർ ഉടനടി രാത്രിയിൽ തന്നെ പ്രവർത്തകരോടൊപ്പം സംഭവസ്ഥലത്തേക്ക് തിരിച്ചു.

അപ്പോഴേക്കും കിഫയുടെ പ്രാദേശിക പ്രവർത്തകരും, പോലീസും ചേർന്ന് സന്ദീപിനെ പുനലൂർ താലൂക്ക് ആശുപത്രിയിലേക്ക് മാറ്റിയിരുന്നു. കിഫയുടെ പ്രവർത്തകരും പ്രദേശവാസികളും വ്യാപകമായി തമ്പടിച്ചതോടെ തങ്ങളുടെ ഉത്തരവാദിത്വം നിർവഹിക്കാൻ പോലീസ് നിർബന്ധിതരായി. സന്ദീപിനെ മർദ്ദിച്ച വനപാലകർക്ക് എതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കിഫ ലീഗൽ സെല്ലിന്റെ നേതൃത്വത്തിൽ പ്രവർത്തകർ പോലീസ് സ്റ്റേഷനിൽ നിലയുറപ്പിച്ചതോടെ പോലീസ് തെളിവുകൾ ശേഖരിക്കുകയും അന്വേഷണം ആരംഭിക്കുകയും ചെയ്തു. തുടർന്ന് തെന്മല പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1076 (Sec 326) FIR ഇട്ടു. വനപാലകർ തെളിവുകൾ നശിപ്പിക്കാതിരിക്കാൻ രാത്രി വൈകിയും പ്രവർത്തകർ ഫോറസ്റ്റ് സ്റ്റേഷനിൽ നിലയുറപ്പിച്ചിരുന്നു. സ്റ്റേഷനിലേയ്ക്ക് പ്രവേശിക്കുന്ന പടിക്കെട്ടിലും മുറിയിലും സെല്ലിലും രക്തത്തുള്ളികൾ അപ്പോഴുമുണ്ടായിരുന്നു.

പിറ്റേന്ന് (19/11/2022) നേരം പുലർന്നത് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ കിരാത നടപടികൾക്കെതിരെ കേരളത്തിന്റെ ചരിത്രത്തിൽ ഇതുവരെ കാണാത്ത സമര ആഹ്വാനവുമായാണ്. കിഫയുടെ ചെയർമാൻ കേരളമെമ്പാടുമുള്ള ജനങ്ങളോട് തീർത്തും സമാധാനപരമായ പ്രതിഷേധ പരിപാടികളുമായി തെരുവിലിറങ്ങാൻ ആഹ്വാനം ചെയ്തു. അന്ന് വൈകുന്നേരം സന്ദീപിനെതിരെ കയ്യേറ്റം നടന്ന അതേ 5 മണിക്ക് കാസർകോട് മുതൽ തിരുവനന്തപുരം വരെയുള്ള കിഫയുടെ പതിനായിരക്കണക്കിന് പ്രവർത്തകർ പന്തം കൊളുത്തി തെരുവിലിറങ്ങി, കണ്ഠനാളങ്ങളിലെ അമർഷം ഗർജ്ജനങ്ങളായി ദിഗന്തം ഭേദിച്ചു. മുഷ്ടികൾ വാനിലുയർന്നു. കേരളം അക്ഷരാർത്ഥത്തിൽ കുലുങ്ങി.

പ്രതിരോധത്തിലായ വനം വകുപ്പ് സംഭവത്തിൽ അന്വേഷണം പ്രഖ്യാപിച്ചു. തുടർന്ന് ജനുവരി അഞ്ചിന് (05/01/2023) ഡെപ്യൂട്ടി റേഞ്ചർ ജിൽസണെ കുറ്റക്കാരൻനെന്നുകണ്ടു സസ്പെൻഡ് ചെയ്തു. പോലീസ് അന്വേഷണം ശരിയായ പാതയിൽതന്നെ ആകാൻ കിഫയുടെ ലീഗൽ സെൽ പഴുതകളടച്ച് ജാഗ്രതയോടെ നിലയുറപ്പിച്ചിട്ടുണ്ട്. കുറ്റക്കാർ സർവീസിൽ തുടരാതിരിക്കാൻ കിഫ ഏതറ്റം വരെയും പോകും. ഇത്തരക്കാർ ഇനി അബലരായ കർഷകരുടെ മേൽ കൈ ഉയർത്തുമ്പോൾ മസ്തിഷ്കത്തിൽ ഒരു കൊള്ളിയാൻ പായും, അതായിരിക്കും കിഫ.

## ബഫർ സോൺ

കിഫയുടെ രൂപീകരണത്തിനുശേഷം ഇതുവരെ നടത്തിയതിൽ ഏറ്റവും ശക്തവും സമഗ്രവുമായ സമരം ആയിരുന്നു ബഫർ സോൺ വിരുദ്ധ സമരങ്ങൾ. വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റും ബഫർ സോൺ ഉണ്ടാക്കുക എന്നത് 2001 മുതൽ നടന്നുവരുന്ന പ്രക്രിയ ആയിട്ടും, 2016ൽ കേരളത്തിലെ വന്യജീവി സങ്കേതങ്ങളുടെ ചുറ്റുമുള്ള ബഫർസോണുകളുടെ കരട് വിജ്ഞാപനം ഇറങ്ങിയിരുന്നുവെങ്കിലും, കേരളത്തിലെ ഉത്തരവാദിത്വപ്പെട്ട രാഷ്ട്രീയ പാർട്ടികളോ മറ്റു സംഘടനകളോ പൊതുജനമോ ഇക്കാര്യം അറിഞ്ഞിരുന്നില്ല. 2020 ജൂലൈ മാസം മുതൽ കരട് വിജ്ഞാപനങ്ങൾ പുനഃപ്രസിദ്ധീകരിച്ചപ്പോഴാണ് കേരളത്തിൽ പൊതു സമക്ഷം ഇങ്ങനെ ഒരു അപകടം വരാൻ പോകുന്നു എന്ന് മനസ്സിലാക്കിയത്. 2020 ജൂലൈ മുതൽ 2023 മാർച്ച് 17ന് സുപ്രീംകോടതിയുടെ ഡിവിഷൻ ബെഞ്ചിൽ നടന്ന വാദം വരെ ബഫർ സോൺ വിരുദ്ധ സമരങ്ങളുടെയും നിയമ പോരാട്ടങ്ങളുടെയും മുന്നിൽ ഉണ്ടായിരുന്നു കിഫ.

**ബഫർസോണിൽ കിഫയുടെ  ഇടപെടലുകൾ**

**നോട്ടിഫിക്കേഷൻ സ്റ്റേജ്**

ബഫർസോണുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാന പ്രശ്നം കേരള സർക്കാരിന്റെ ശുപാർശ പ്രകാരം കേന്ദ്രസർക്കാർ പുറത്തിറക്കിയിരിക്കുന്ന കരട് വിജ്ഞാപനങ്ങൾ കേരളത്തിൽ ആരും അറിഞ്ഞിട്ടുണ്ടായിരുന്നില്ല എന്നതാണ്. 2016ൽ കേരളത്തിലെ ബഫർ സോണുകളുടെ ആദ്യത്തെ കരട് വിജ്ഞാപനം വന്നിരുന്നുവെങ്കിലും അക്കാര്യം ആരും അറിഞ്ഞിരുന്നില്ല 2020 ലാണ് കരട് വിജ്ഞാപനങ്ങൾ വീണ്ടും പ്രസിദ്ധീകരിക്കാൻ തുടങ്ങിയത്. 2020ൽ ആദ്യം പ്രസിദ്ധീകരിച്ച മതികെട്ടാൻ ചോല നാഷണൽ പാർക്കിന്റെ കരട് വിജ്ഞാപനം ആരും അറിയുകയോ എതിർപ്പുകൾ രേഖപ്പെടുത്തുകയോ ചെയ്തില്ല. എതിർപ്പുകൾ ഇല്ലാതിരുന്നതുകൊണ്ടുതന്നെ കരട് വിജ്ഞാപനത്തിൽ

പറഞ്ഞിരുന്ന ഒരു കിലോമീറ്റർ വീതിയിൽ വനത്തിന് പുറത്ത് റവന്യൂ ഭൂമിയിൽ ബഫർ സോൺ ഏർപ്പെടുത്തിക്കൊണ്ട് അന്തിമ വിജ്ഞാപനം ഇറക്കുകയും ചെയ്തു. ഇങ്ങനെ അന്തിമ വിജ്ഞാപനം ഇറങ്ങി കഴിഞ്ഞപ്പോഴാണ് ബഫർ സോണിൽ ഉൾപ്പെട്ടവർ പോലും തങ്ങൾ ബഫർ സോണിൽ ഉൾപ്പെട്ടിരിക്കുന്നു എന്ന വിവരം അറിഞ്ഞത്. അതിനുശേഷം വന്നത് കണ്ണൂരിലെ ആറളം വന്യജീവി സങ്കേതത്തിന്റെ കരട് വിജ്ഞാപനം ആണ് (2020 ജൂലൈ 20) അതിനുശേഷം നോട്ടിഫിക്കേഷൻ വരുന്നത് പരിശോധിക്കുന്നതിനായി മാത്രം കിഫ ആളെ വയ്ക്കുകയും പുതിയ നോട്ടിഫിക്കേഷനുകൾ വരുന്നത് കൃത്യമായി ജനങ്ങളെ അറിയിക്കുകയും ചെയ്തുവരുന്നു.

### എതിർപ്പുകൾ അറിയിക്കുന്ന സമയം

കരട് വിജ്ഞാപനം വന്ന് 60 ദിവസത്തിനുള്ളിൽ എതിർപ്പുകൾ അറിയിക്കണം എന്നതാണ് ചട്ടം. കിഫയുടെ സമയോചിതമായ ഇടപെടൽ ഇല്ലായിരുന്നുവെങ്കിൽ മതികെട്ടാൻ ചോലയിൽ സംഭവിച്ചതുപോലെ ഈ കരട് വിജ്ഞാപനം വന്നത് ജനങ്ങൾ അറിയാതിരിക്കുകയും എതിർപ്പുകൾ രേഖപ്പെടുത്താതെ പതിനായിരക്കണക്കിന് ഏക്കർ കൃഷിയിടങ്ങളും ജനവാസ കേന്ദ്രങ്ങളും ഉൾപ്പെടെ ബഫർ സോൺ ആയി മാറുകയും ചെയ്യുമായിരുന്നു. എന്നാൽ കിഫയുടെ ഇടപെടലിൽ വന്യജീവി സങ്കേതത്തിന്റെയും കരട് വിജ്ഞാപനങ്ങൾ വന്ന് 60 ദിവസത്തിനുള്ളിൽ ആയിരക്കണക്കിന് പരാതികൾ ഓൺലൈനായും നേരിട്ടും ഡൽഹിയിലേയ്ക്ക് അയക്കുകയും ജനങ്ങളുടെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്തു. ഇതോടൊപ്പം തന്നെ ഇംഗ്ലീഷിലും ഹിന്ദിയിലും മാത്രം ഉണ്ടായിരുന്ന കരട് വിജ്ഞാപനത്തിന്റെ മലയാള പരിഭാഷ ആവശ്യപ്പെട്ടുകൊണ്ട് കേരള ഹൈക്കോടതിയെ സമീപിക്കുകയും മലയാള പരിഭാഷ നിർബന്ധമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിയ്ക്കുകയും ചെയ്തു.

### കർഷക പ്രതിരോധ സദസ്സുകൾ

ബഫർ സോണുകൾക്കെതിരെ ജനവികാരം ഉണർത്തുന്നതിനും ബഫർ സോണുകളുടെ യഥാർത്ഥ അപകടം ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനുമായി കേളകം, കൊട്ടിയൂർ, സുൽത്താൻ ബത്തേരി, തിരുവമ്പാടി, കൂരാച്ചുണ്ട്, ചെമ്പനോട, കക്കയം, കരുവാരക്കുണ്ട്, മണ്ണാർക്കാട്, അട്ടപ്പാടി, വടക്കാഞ്ചേരി, മംഗലം ഡാം, ഒലിപ്പാറ, എളനാട്, അതിരപ്പിള്ളി, കുട്ടമ്പുഴ, പുന്നക്കാട്, മാങ്കുളം, പൂപ്പാറ, തോപ്രാംകുടി, നെടുംകണ്ടം, കുമളി, എയ്ഞ്ചൽ വാലി, എരുമേലി, കോരുത്തോട്, കാഞ്ഞിരപ്പള്ളി, റാന്നി, കോന്നി, പത്തനംതിട്ട, അമ്പൂരി തുടങ്ങിയ സ്ഥലങ്ങളിൽ കർഷക പ്രതിരോധ സദസ്സുകളും വിശദീകരണയോഗങ്ങളും സംഘടിപ്പിച്ചുകൊണ്ട് സാമൂഹ്യ

മാധ്യമങ്ങളിലും ഓൺലൈൻ മീഡിയകളിലും പ്രതിഷേധങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിച്ചു.

### ബഫർ സോൺ ഹെൽപ്പ് ഡെസ്ക്കുകൾ

2022 ജൂൺ മൂന്നിലെ ബഫർ സോൺ വിധിയുടെ അടിസ്ഥാനത്തിൽ ഒരു കിലോമീറ്റർ ബഫർ സോണിനുള്ളിൽ വരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെയും സ്ഥലങ്ങളുടെയും കണക്കുണ്ടാക്കാൻ സർക്കാർ നിയോഗിച്ച ജസ്റ്റിസ് തോട്ടത്തിൽ രാധാകൃഷ്ണൻ കമ്മിറ്റി പുറത്തുവിട്ട മാപ്പുകൾ ഒട്ടും വ്യക്തത ഇല്ലാത്തതും, ജനങ്ങളെ മുഴുവൻ ആശയക്കുഴപ്പത്തിൽ ആഴ്ത്തുന്നവയും ആയിരുന്നു. സർക്കാർ പുറത്തുവിട്ട മാപ്പ് പ്രകാരം തങ്ങളുടെ സ്ഥലം ബഫർ സോണിൽ ഉണ്ടോ എന്നറിയാതെ ജനങ്ങൾ വട്ടം കറങ്ങിയപ്പോൾ, കേരളത്തിൽ ആദ്യമായി ബഫർ സോൺ ഹെൽപ്പ് ഡെസ്ക്കുകൾ സുൽത്താൻ ബത്തേരി നഗരസഭ കോമ്പൗണ്ടിൽ ആരംഭിച്ചത് കിഫയാണ്.

പിന്നീട് അത്തരം ഹെൽപ്പ് ഡെസ്ക്കുകൾ കോഴിക്കോട്, മലപ്പുറം, കണ്ണൂർ, തൃശ്ശൂർ, പാലക്കാട്, എറണാകുളം, ഇടുക്കി, കോട്ടയം, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലും ആരംഭിക്കുകയും സർക്കാർ പുറത്തുവിട്ട മാപ്പ് കൃത്യമായി മനസ്സിലാക്കി ആളുകളെ പരാതി കൊടുക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു. അങ്ങനെ കിഫയുടെ ഹെൽപ്പ് ഡെസ്ക് വഴി പതിനായിരക്കണക്കിന് പരാതികളാണ് അയച്ചത്.

### സുപ്രീം കോടതിവരെ നീണ്ടതും ഇപ്പോഴും തുടരുന്നതുമായ നിയമ യുദ്ധങ്ങൾ

കരടു വിജ്ഞാപനങ്ങൾ വന്ന 60 ദിവസത്തിനുള്ളിൽ ആയിരക്കണക്കിന് പരാതികൾ അയക്കുകയും മലയാള പരിഭാഷ നിർബന്ധമാക്കിക്കൊണ്ട് കോടതിവിധി സമ്പാദിക്കുകയും ചെയ്തതിനു പുറമേ, 2022 ജൂൺ മൂന്നിന് വന്ന വിധിയിൽ റിവ്യൂ പെറ്റീഷൻ നൽകുകയും കേന്ദ്ര സർക്കാരും കേരള സർക്കാരും നൽകിയ കേസുകളിൽ കക്ഷിചേരുകയും ചെയ്ത കേരളത്തിൽ നിന്നുള്ള ഏക കർഷക സംഘടനയാണ് കിഫ. മുൻ കേരള ഹൈക്കോടതി ജസ്റ്റിസ് പി എൻ രവീന്ദ്രൻ, മുതിർന്ന അഭിഭാഷകൻ എം കെ എസ് മേനോൻ, പ്രശസ്ത അഭിഭാഷക ഉഷ നന്ദിനി എന്നിവർ കർഷകപക്ഷത്തുനിന്ന് ശക്തമായി കിഫയ്ക്കുവേണ്ടി വാദിച്ചു.

## അന്യായമായ ജണ്ടയിടൽ – കിഫയുടെ പോരാട്ടങ്ങൾ

വനം വകുപ്പ് കർഷകന്റെ കൈവശഭൂമി കയ്യേറി ജണ്ട ഇടുന്ന വളരെയേറെ സംഭവങ്ങൾ കേരളത്തിലെ വനാതിർത്തികളിലെ കൃഷി സ്ഥലങ്ങളിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. മിക്കപ്പോഴും കർഷകർക്ക് നിസ്സഹായരായി നോക്കിനിൽക്കാനേ കഴിയുന്നുള്ളു. ഈ അനീതിക്കെതിരെ കർഷകർക്കുവേണ്ടി കിഫ നടത്തിയ ചില ഇടപെടലുകൾ ഇവിടെ വിവരിക്കുകയാണ്.

**പാലക്കാട്ടെ ഖദീജയുടെ കേസ്**

പാലക്കാട് ജില്ല മണ്ണാർക്കാട് താലൂക്കിൽ, കോട്ടോപ്പാടം പഞ്ചായത്ത് മൂന്നാം വാർഡിൽ താമസിക്കുന്ന ഖദീജ എന്ന വിധവയായ സ്ത്രീ സ്വന്തം പേരിലുള്ള റവന്യൂ ഭൂമിയിൽ വനം വകുപ്പിന്റെ അവകാശവാദം ഒഴിവാക്കി കിട്ടണം എന്നാവശ്യപ്പെട്ട് 2009ൽ കൊടുത്ത ഒരു NOC അപേക്ഷ ഏകദേശം 10 വർഷത്തിനുശേഷം അനുകൂലമായ വിധി നേടി. എന്നാൽ കോടതി ഉത്തരവിനെപ്പോലും മുഖവിലയ്ക്കെടുക്കാതെ വനം വകുപ്പ് NOC കൊടുക്കാതെ ആ കുടുംബത്തെ ബുദ്ധിമുട്ടിച്ചു. കിഫയുടെ രൂപീകരണത്തിനുശേഷം 2021 ൽ കിഫ ലീഗൽ സെൽ ഈ കേസ് ഏറ്റെടുക്കുകയും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ അപ്പീൽ നൽകുകയും ചെയ്തു.

NOC കൊടുക്കണമെന്ന ഉത്തരവ് നടപ്പാക്കണം എന്ന് 2021 ഡിസംബറിൽ ഹൈക്കോടതി ഉത്തരവിട്ടു. എന്നാൽ വനം വകുപ്പ് കോടതി ഉത്തരവിൽ യാതൊരു നടപടിയും എടുക്കാതെ വന്നപ്പോൾ, വനം വകുപ്പ് തുടർനടപടികൾ എടുത്തില്ല എന്ന് ചൂണ്ടിക്കാണിച്ച് പിന്നീട് കോടതിയലക്ഷ്യം ഫയൽ ചെയ്തു. അതിനെത്തുടർന്ന് വനംവകുപ്പ് NOC സംബന്ധിച്ച രേഖകൾ അനുവദിച്ചുവെങ്കിലും, സ്ഥലത്തെ അനധികൃത ജണ്ടകൾ, സർവേ ക്കല്ലുകൾ തുടങ്ങിയവ മാറ്റുവാൻ തയ്യാറായില്ല. കിഫ വീണ്ടും ഈ സ്ഥിതിവിശേഷം കോടതി മുൻപാകെ ബോധ്യപ്പെടുത്തിയപ്പോൾ, കോടതിയുടെ കർശന ഇടപെടലിനെ തുടർന്ന്, വനം വകുപ്പിന് സ്വമേധയാ കൈവശഭൂമിയിലെ ജണ്ടകൾ പൊളിച്ച് മാറ്റേണ്ടി വന്നു.

കർഷകന്റെ കൈവശ ഭൂമിയിൽ അതിക്രമിച്ചു കയറി ജണ്ടയിട്ട് വനഭൂമിയാക്കി ശീലിച്ച വനം വകുപ്പിനെ കൊണ്ടുതന്നെ കർഷകന്റെ ഭൂമിയിലെ ജണ്ട, നിയമത്തിന്റെ പിൻബലത്തിൽ നീക്കം ചെയ്ത കിഫ ലീഗൽ ടീമിനും എല്ലാ പിന്തുണയും കൊടുത്ത കിഫ പാലക്കാട് ജില്ലാ കമ്മിറ്റിക്കും കോട്ടോപ്പാടം പഞ്ചായത്തുതല കമ്മിറ്റിക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**കണ്ണൂർ ജില്ലയിലെ സ്റ്റാൻലിയുടെ കേസ്**

കണ്ണൂർ ജില്ലയിലെ കണിച്ചാർ പഞ്ചായത്തിലെ ഏലപ്പീടികയിലെ സ്റ്റാൻലി വെള്ളക്കല്ലുങ്കൽ എന്ന കർഷകന്റെ കൃഷിഭൂമിയിൽ നിന്ന് 25 സെൻറ് സ്ഥലം കൈയേറി വനം വകുപ്പ് 6 ജണ്ടകൾ സ്ഥാപിച്ചിരുന്നു. ഇതിനു പുറമെ കടുത്ത കുരങ്ങുശല്യം മൂലം നാശനഷ്ടങ്ങളും സംഭവിച്ചുകൊണ്ടുമിരുന്നു. ഒരു ദിവസം കുരങ്ങന്മാർ അദ്ദേഹത്തിന്റെ വീട്ടിൽ കയറി സർവ്വതും നശിപ്പിക്കുകയും ചെയ്തു.

വനം വകുപ്പിന്റെ നിയമവിരുദ്ധമായ കൈയേറ്റവും, വന്യമൃഗങ്ങളുടെ വീടാക്രമണവും എല്ലാം കൂടെയായപ്പോൾ നിസ്സഹായനായ ഈ കർഷകൻ പെട്രോളും കയറുമായി മരത്തിൽ കയറി ആത്മഹത്യയ്ക്ക് ശ്രമിച്ചു. ഇതറിഞ്ഞ കിഫയുടെ പ്രാദേശിക പ്രവർത്തകർ അദ്ദേഹത്തെ കാണുകയും, കിഫ നേതൃത്വം അദ്ദേഹത്തിന്റെ പ്രശ്നങ്ങളിൽ ഇടപെടുകയും, വേണ്ട നിയമസഹായങ്ങൾ വാഗ്ദാനം ചെയ്യുകയും ചെയ്തു. തുടർന്ന്, ഈ കർഷകനെ മുൻനിർത്തി ജില്ലാ കളക്ടർക്ക് പരാതി കൊടുത്തു. കളക്ടർ പ്രശ്നപരിഹാരത്തിനായി ഒരു സമിതിയെ നിയമിച്ചു. തുടർന്ന് സ്ഥലം റീസർവേ ചെയ്യുകയും വനം വകുപ്പിന്റെ കൈയേറ്റം അനധികൃതമാണെന്ന് കണ്ടെത്തുകയും കൈയേറിയ സ്ഥലം വിട്ടുകൊടുത്ത് അതിർത്തി പുനർനിർണയിക്കുകയും ചെയ്തു. അതിൻപ്രകാരം 6 ജണ്ടകൾ കൃഷി സ്ഥലത്താണ് ഉള്ളത്. ഇത് പൊളിച്ചുകൊടുക്കാം എന്ന് വനം വകുപ്പ് കർഷകന് ഉറപ്പുകൊടുത്തിട്ടുണ്ട്.

ഈ വിഷയത്തിൽ വിജയകരമായി പ്രവർത്തിച്ച കണ്ണൂർ ജില്ലയിലെ കിഫ പ്രവർത്തകർക്കും നേതൃനിരയ്ക്കും അഭിനന്ദനങ്ങൾ.

## പടുതാക്കുളവും ഉദ്യോഗസ്ഥരുടെ അനീതിയും

കോവിഡ് മഹാമാരിയുടെ കാലത്ത് ധാരാളം ചെറുപ്പക്കാർക്ക് ജോലികൾ നഷ്ടപ്പെടുകയും കൃഷിയിലേയ്ക്ക് തിരിയുകയും ചെയ്തു. അത്തരത്തിൽ ഒരു കർഷകൻ ഇടുക്കി ജില്ലയിലെ ഉപ്പുതറ പഞ്ചായത്തിൽ സ്ഥലം പാട്ടത്തിനെടുത്ത് അവിടെ കൃഷി ചെയ്യുന്നതിനായി ഒരു പടുതാക്കുളം നിർമ്മിച്ചു.

താരതമ്യേന ഇടുക്കിയിലെ എല്ലാ കാര്യങ്ങൾക്കും ഇടപെട്ട് ഇടങ്കോലിടുന്ന ചില രാഷ്ട്രീയക്കാരുടെ പ്രവർത്തനഫലമായി പഞ്ചായത്ത് സെക്രട്ടറി അദ്ദേഹത്തിന് പടുതാക്കുളം പൊളിച്ച് മാറ്റുന്നതിനായി നോട്ടീസ് നൽകി. അതിൽ പറഞ്ഞിരിക്കുന്നത് അനധികൃതമായി താങ്കൾ ഒരു പടുതാക്കുളം നിർമ്മിച്ചതായി കാണുന്നു, ഇത് ഉടനെ സ്വന്തം ചെലവിൽ പൊളിച്ചു കളയണം. ഇത് കുഴിക്കാൻ താങ്കൾ JCB കൊണ്ടുപോയത് മൂലം പഞ്ചായത്ത് റോഡും അതിന്റെ സംരക്ഷണ ഭിത്തിയും തകർന്നു. അതിനാൽ അതിന്റെ നഷ്ടം തരണം എന്നിങ്ങനെ ലോകത്ത് ആരും കേട്ടിട്ടില്ലാത്ത വിധം മുടന്തൻ ന്യായങ്ങളും നിരത്തി.

കിഫ ഇടപെട്ട് ആ കർഷകന് വേണ്ടി തയ്യാറാക്കിയ RTI (വിവരാവകാശം) അപേക്ഷ കിട്ടിയപ്പോൾ ശേഷം പഞ്ചായത്ത് സെക്രട്ടറി കർഷകനെ ചർച്ചയ്ക്ക് വിളിക്കുകയും നോട്ടീസ് പിൻവലിക്കുകയും ചെയ്തു. സമീപ പഞ്ചായത്തായ കാഞ്ചിയറിലും ഇതുപോലെ കർഷകർക്ക് എതിരെ മനുഷ്യത്വരഹിതമായ രീതിയിൽ പടുതാക്കുളം പൊളിക്കുന്നതിന് നോട്ടീസ് നൽകുന്ന പ്രവണത ഉണ്ടായിരുന്നു. ഇതിന് ശേഷം കാഞ്ചിയാർ പഞ്ചായത്തിലെ ഒരു കർഷകനും ഇതേ വിവരാവകാശ അപേക്ഷ (നോട്ടീസിന്) ആനുപാതികമായി മാറ്റങ്ങൾ വരുത്തി അവിടെയും സമർപ്പിച്ചു. അതോടെ ഇടുക്കി ജില്ലയിൽ കർഷകർക്ക് എതിരെയുള്ള ഇത്തരം തെറ്റായ പ്രവണതകൾ സർക്കാർ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും തീർത്തും ഇല്ലാതായി.

## ആന ചെരിഞ്ഞാൽ

2022 സെപ്റ്റംബർ മാസം 14 ബുധൻ രാവിലെ, പാലക്കാട് ജില്ലയിൽ പുതുപ്പരിയാരം 1 വില്ലേജിൽ നൊച്ചൂപുള്ളിയിൽ വനാതിർത്തിയിൽ നിന്ന് ഏകദേശം 400 മീറ്ററോളം അകലെ സ്ഥിതി ചെയ്യുന്ന ആനപ്പാറ വീട്ടിൽ സഹസ്രനാമൻ എന്നയാളുടെ ഉടമസ്ഥതയിൽ ഉള്ള കൃഷി ഭൂമിയിൽ ഒരു പിടിയാന ചെരിഞ്ഞ നിലയിൽ കാണപ്പെട്ടിരുന്നു.

ഷോക്കേറ്റു ചെരിഞ്ഞതാണ് എന്ന പ്രാഥമിക നിഗമനത്തിൽ വനം വകുപ്പ് എത്തുകയും സമീപ പ്രദേശങ്ങളിലെ പലരെയും ഭീക്ഷണിപ്പെടുത്തുകയും, കുറ്റം ചെയ്തവർ ആരാണെന്നു ചൂണ്ടിക്കാണിച്ചില്ലെങ്കിൽ അവരെയും കേസിൽ പ്രതിയാക്കും എന്ന് ഭീഷണി മുഴക്കുകയും ചെയ്തിരുന്നു.

വനം വകുപ്പ് തന്നെ അപകടകാരിയാണെന്ന് പ്രഖ്യാപിച്ച PT-7 എന്ന ആന ഈ പ്രദേശത്തു രണ്ടു പേരുടെ ജീവൻ എടുക്കുകയും നിരവധി ആൾക്കാരെ പരിക്കേൽപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. ധോണിയിൽ പ്രഭാത സവാരിക്ക് പോയ ശിവരാമൻ എന്ന ആളെ ആന കൊലപ്പെടുത്തിയതും ഇതിനടുത്ത പ്രദേശത്താണ്. ആനയുടെ നിരന്തരമായ ശല്യം കാരണം സമീപ വാസികൾ വൈകിട്ട് 6 മണിക്ക് ശേഷം പുറത്തിറങ്ങാൻ വയ്യാത്ത അവസ്ഥയിലാണ്.

ആന ചെരിഞ്ഞ സംഭവുമായി ബന്ധപ്പെട്ട് 15/09/22 ബുധൻ നൊച്ചൂപുള്ളിയിൽ താമസിക്കുന്ന കുന്നിൽ അയ്യപ്പൻ എന്നയാളുടെ വീട്ടിൽ രാവിലെ 6 മണിയോടെ മുണ്ടൂർ ഫോറസ്റ്റ് സ്റ്റേഷനിൽ നിന്ന് ഒരു സംഘം വനപാലകർ ഇരച്ചു കയറുകയും അയ്യപ്പന്റെ മക്കളായ അജിത് (24), സജിത്ത് (23) അജീഷ് (21) എന്നിവരെ ബലമായി ജീപ്പിൽ കയറ്റിക്കൊണ്ട് പോകുകയും ചെയ്തു. ഉടുമുണ്ട് പോലും എടുക്കുവാൻ അനുവദിക്കാതെ ഗർഭിണികളായ ഭാര്യമാരുടെ മാനുഷികമായ അപേക്ഷ പോലും പരിഗണിക്കാതെ, കസ്റ്റഡിയിൽ എടുക്കുമ്പോൾ ചെയ്യേണ്ട നടപടിക്രമങ്ങൾ പോലും പാലിക്കാതെ

ബലമായി പിടിച്ചുകൊണ്ട് പോകുകയാണ് ചെയ്തത്.

ഇവർ കോടതി മുൻപാകെ പറഞ്ഞതനുസരിച്ച് ശാരീരിക പീഡനം ഏൽപ്പിക്കുകയും കുറ്റം സമ്മതിപ്പിക്കുകയും, ദൃശ്യമാധ്യമങ്ങളുടെ മുൻപിൽ പ്രദർശിപ്പിക്കുകയും, അതുവഴി കുറ്റം തെളിയിക്കാത്ത, കുറ്റാരോപിതർ മാത്രം ആയ ഈ യുവജനങ്ങളെ സമൂഹത്തിന്റെ മുൻപിൽ അപമാനിതരാക്കി ഈ വനം വകുപ്പ് ഉദ്യോഗസ്ഥർ.

മാധ്യമങ്ങളിൽക്കൂടി ഈ വിവരം അറിഞ്ഞ കിഫയുടെ സംസ്ഥാന ലീഗൽ സെൽ പാലക്കാട് ജില്ലാ കമ്മിറ്റിയ്ക്ക് കൊടുത്ത മാർഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കിഫ ജില്ലാ ഭാരവാഹികളുടെ നേതൃത്വത്തിൽ പ്രവർത്തകർ തടിച്ചുകൂടുകയും ഈ യുവാക്കളെ ഒലവക്കോട് DFO ഓഫീസിലെ സെല്ലിലേക്ക് മാറ്റുകയും ലീഗൽ സെൽ അംഗം റേഞ്ചറുമായി സംസാരിക്കുകയും രാവിലെ കോടതിയിൽ ഹാജരാകുന്നതിന് മുൻപായി മെഡിക്കൽ പരിശോധന നടത്താം എന്ന് വനം വകുപ്പ് ഉദ്യോഗസ്ഥർ സമ്മതിക്കുകയും ചെയ്തു.

വനം വകുപ്പിന്റെ ഈ അനീതിക്കെതിരെ തുടക്കം മുതൽ കിഫയുടെ എല്ലാവിധ പിന്തുണയും നിയമസഹായവും വനം വകുപ്പിന്റെ കിരാത നടപടികൾക്കെതിരെ ഉണ്ടാകും എന്ന് ആ കുടുംബത്തിന് ഉറപ്പു കൊടുക്കുകയും ചെയ്തിരുന്നു.

കോടതിയിൽ ജാമ്യാപേക്ഷ സമർപ്പിച്ച സമയത്ത് പാലക്കാട് ജില്ലയിൽ തന്നെ കൃഷിയിടത്തിൽ ഷോക്കേറ്റ് രണ്ടുപേർ മരിക്കാൻ ഇടയായ സാഹചര്യം ചൂണ്ടി കാണിച്ചു കോടതി ജാമ്യാപേക്ഷ നിരസിച്ചു. റിമാൻഡിലായ പ്രതികൾ എന്നാരോപിക്കപ്പെടുന്ന മൂന്ന് സഹോദരരിൽ ഒരാളുടെ ഗർഭിണിയായ ഭാര്യ പ്രസവിച്ച കുട്ടി ഹോസ്പിറ്റലിൽ വെച്ച് തന്നെ മരണപ്പെടുകയും ചെയ്തു. കോടതി മുൻപാകെ ലീഗൽ സെൽ ഈ വിഷയം അവതരിപ്പിക്കുകയും കോടതി മൂന്ന് സഹോദരന്മാർക്കും ജാമ്യം അനുവദിക്കുകയും ചെയ്തു.




**കർഷക പ്രതിരോധ സദസ്സ്, മണ്ണാർക്കാട്**



**കർഷക പ്രതിരോധ സദസ്സ്, മണ്ണാർക്കാട്**



**പ്രതിഷേധ ജ്വാല-അട്ടപ്പാടി, പാലക്കാട്**



**ചീങ്കണ്ണിപ്പുഴ കർഷകർ വീണ്ടെടുക്കുന്നു**




കർഷക പ്രതിരോധ മാർച്ച്, കൂരാച്ചുണ്ട്



കർഷക പ്രതിരോധ മാർച്ച്, കൂരാച്ചുണ്ടിലെ പൊതുയോഗരംഗം

# KIFA Financial Report

**KIFA**
**5/518, Niranath Building, Thalayad P/O**
**Unnikulam, Kozhikode-673574**
**BALANCE SHEET AS AT 31st MARCH 2022**

| LIABILITIES | Rs. | Rs. | ASSETS | Rs. | Rs. |
|---|---|---|---|---|---|
| **General Fund** | | | **Property,Plant & Equipments** | | |
| Capital | 9000 | | | | |
| Member's Contribution | 5,91,343 | | (As per schedule 1) | | 1,23,485 |
| Less: Excess of Expenditure Over Income | 3,67,886 | | | | |
| | | 2,32,457 | | | |
| Advance from Members | | 85,342 | | | |
| | | | **Cash at bank;** | | |
| | | | Federal Bank 892 | 1,10,523 | |
| | | | Federal Bank A/c No 183744 | 83,791 | |
| | | | | | 1,94,314 |
| **Total** | | **3,17,799** | **Total** | | **3,17,799** |

As per our audit report of even date

For ***Joseph& Associates***
*Chartered Accountants*
FRN:017407S

CA JIJU JOSEPH
Proprietor
Membership No.225875

Date: 28.11.2022
Place: Kozhikode

KIFA

5/518, Niranath Building, Thalayad P/O

Unnikulam, Kozhikode-673574

INCOME & EXPENDITURE FOR PERIOD 7-12-2020 TO 31 MARCH 2022

| EXPENDITURE | Rs. | Rs. | INCOME | Rs. |
|---|---|---|---|---|
| To Revenue expenditure: | | | By Revenue Receipts: | |
| Advertisement Expense | 65,050 | | Membership Fee | 1,83,595 |
| Bank Charges | 1,601 | | | |
| Contest Related Account | 9,000 | | | |
| Court Fees | 16,000 | | | |
| Legal Fee | 31,500 | | | |
| Marketing Expenses | 46,900 | | | |
| Postage & Courier Account | 5,100 | | | |
| Printing & Stationery | 2,19,060 | | | |
| Salary | 32,000 | | | |
| Trademark Registration | 48,000 | | | |
| Training Expense | 42,675 | | | |
| Transaction Charges | 540 | | To Excess of Expenditure Over Income | 3,67,886 |
| | | 5,17,426 | | |
| To Depreciation | | 34,056 | | |
| Total | | 5,51,481 | Total | 5,51,481 |

As per our audit report of even date

For **Joseph& Associates**

Chartered Accountants

FRN:017407S

CA JIJU JOSEPH

Proprietor

Membership No.225875

Date: 28.11.2022

Place: Kozhikode

KIFA
5/518, Niranath Building, Thalayad P/O
Unnikulam, Kozhikode-673574
RECEIPTS AND PAYMENTS FOR THE PERIOD 7-12-2020 TO 31-3-2022 31st MARCH 2022

| RECEIPTS | Rs. | Rs. | PAYMENTS | Rs. | Rs. |
|---|---|---|---|---|---|
| Opening Balances; | | | By Administrative expenses | | |
| Cash in hanc | - | | Advertisement Expense | 65,050 | |
| Cash at bank: | | | Bank Charges | 1,601 | |
| | | | Contest Related Account | 9,000 | |
| | | | Court Fees | 16,000 | |
| To Capital | | 9,000 | Legal Fee | 31,500 | |
| To Advance From Member: | | 85,342 | Marketing Expenses | 46,900 | |
| To Member's Contributior | | 5,91,343 | Postage & Courier Account | 5,100 | |
| To Membership Fee | | 1,83,595 | Printing & Stationery | 2,19,060 | |
| | | | Salary | 32,000 | |
| | | | Trademark Registration | 48,000 | |
| | | | Training Expense | 42,675 | |
| | | | Transaction Charges | 540 | |
| | | | | | 5,17,426 |
| | | | By Assets purchased, | | |
| | | | Projector | 5,000 | |
| | | | Software | 89,090 | |
| | | | Website | 63,450 | |
| | | | | | 1,57,540 |
| | | | Closing Balances; | | |
| | | | Cash in hand | - | |
| | | | Cash at bank: | - | |
| | | | Federal Bank 892 | 1,10,523 | |
| | | | Federal Bank A/c No 183744 | 83,791 | |
| | | | | | 1,94,314 |
| | | 8,69,280 | | | 8,69,280 |

Shedule 1. Property,Plant and Equipments

| Descriptions | Gross Block | | | Total | Depreciation | | Net Block |
|---|---|---|---|---|---|---|---|
| | | Additions/Deductions | | | | | |
| | As at 01.04.2021 | On or Before 30.09.2021 | On or After 1.10.2021 | | Rate | Depreciation | As at 31.03.2022 |
| Block I | | | | | | | |
| Projector | - | - | 5,000 | 5,000 | 15% | 375 | 4,625 |
| Total | - | - | 5,000 | 5,000 | | 375 | 4,625 |
| Block II | | | | | | | |
| Software | - | - | 89,090 | 89,090 | 40% | 17,818 | 71,272 |
| | - | - | 89,090 | 89,090 | | 17,818 | 71,272 |
| Block III | | | | | | | |
| Website | - | 63,450 | | - | 25% | 15,862.50 | 47,588 |
| | - | - | - | - | | 15,863 | 47,588 |
| Grand Total | - | - | 94,090 | 94,090 | | 34,056 | 1,23,485 |

# കാട്ടിൽമതി കാട്ടുനീതി

കേരളത്തിലെ കർഷകരുടെ നിലനിൽപ്പിനും ഭരണഘടന ഉറപ്പുനൽകുന്ന തുല്യാവകാശങ്ങൾ നേടിയെടുക്കുന്നതിനും ഉദ്യോഗസ്ഥ അധികാരവർഗത്തിന്റെ ചൂഷണങ്ങൾ നിയമപരമായി നേരിടുന്നതിനും ചെറുത്തുതോൽപ്പിക്കുന്നതിനുംവേണ്ടി, രാഷ്ട്രീയ, മത ചായ്‌വുകൾ ഇല്ലാതെ രൂപീകരിക്കപ്പെട്ട സ്വതന്ത്ര കർഷക സംഘടനയായ 'കേരള ഇൻഡിപെൻഡന്റ് ഫാർമേഴ്സ് അസ്സോസിയേഷൻ'– കിഫയിലേയ്ക്ക് നിങ്ങൾക്ക് സ്വാഗതം.

**കിഫയുടെ ദർശനം**

നമ്മുടെ കർഷകരുടെ ജീവിതത്തിൽ ഗുണപരമായ മാറ്റങ്ങൾക്ക് രാസത്വരകമാകുക.

**ദൗത്യം**

കൂട്ടായ പ്രവർത്തനത്തിലൂടെയും, ശാക്തീകരണത്തിലൂടെയും എല്ലാവിധ കർഷക പീഡനങ്ങളെയും പരാജയപ്പെടുത്തുകയും അതുവഴി കർഷകരുടെ അതിജീവനം ഉറപ്പുവരുത്തുകയും സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കുകയും ചെയ്യുക.

## കർഷക അവകാശപത്രിക

1. കർഷകന്റെ അവകാശങ്ങൾ നിർവചിക്കുകയും ഉറപ്പ് വരുത്തുകയും ചെയ്യുന്ന കർഷക സംരക്ഷണനിയമം പാസ്സാക്കുക.

2. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 21 പ്രകാരം, മൗലികാവകാശമായ, ജീവനും സ്വത്തിനുമുള്ള അവകാശം കർഷകർക്ക് ഉറപ്പുവരുത്തുക.

3. കൈവശഭൂമിയിൽ ഇറങ്ങുന്ന വന്യമൃഗങ്ങളെ ഏതുമാർഗ്ഗമുപയോഗിച്ചും പ്രതിരോധിക്കുവാനുള്ള അവകാശം പൗരന് നൽകുക.

4. വനാതിർത്തിയിൽ നിന്നും 500 മീറ്റർ ഉള്ളിലേക്ക് Human Sensitive

Zone (HSZ) സ്ഥാപിക്കുകയും വന്യമൃഗങ്ങളെ HSZ അതിർത്തിയിൽ തടയുന്നതിനുവേണ്ട നടപടികൾ അടിയന്തരമായി എടുക്കുകയും ചെയ്യുക.

5. വന്യമൃഗങ്ങൾ വരുത്തുന്ന കൃഷിനാശത്തിന്, ഇപ്പോൾ നൽകുന്ന തുച്ഛമായ ആശ്വാസധനത്തിനുപകരം, മാന്യമായ നഷ്ടപരിഹാരം കൃത്യസമയത്തു നൽകുക.

6. വനവിസ്തൃതിക്കും, വനത്തിൽ ലഭ്യമായ തീറ്റയ്ക്കും അനുസരിച്ച് വന്യമൃഗങ്ങളുടെ എണ്ണം നിയന്ത്രിക്കുക.

7. ബഫർ സോണുകൾ (ESZ | ESA) എന്നിവ വനത്തിനുള്ളിൽ മാത്രം നിർത്തുക.

8. പട്ടയഭൂമിയിലെ നിർമ്മാണ നിരോധനം അവസാനിപ്പിക്കുക.

9. പട്ടയങ്ങളുടെ നിയമസാധുത റദ്ദുചെയ്യുന്ന Kerala Private Forests (Vesting and Assignment) Amendment Bill, 2023 പിൻവലിക്കുക.

10. EFL (Ecologically Fragile Land Act 2003) റദ്ദുചെയ്യുകയോ ഏറ്റെടുത്ത ഭൂമിക്ക് നഷ്ടപരിഹാരം നൽകുകയോ ചെയ്യുക.

11. 1977 ജനുവരി ഒന്നിനു മുൻപ് കർഷകരുടെ കൈവശത്തിലേക്ക് വിട്ടുകൊടുത്ത ഭൂമികൾക്ക് ഉപാധിരഹിത പട്ടയം അടിയന്തരമായി അനുവദിക്കുക.

12. തോട്ടവിളകളുടെ ലിസ്റ്റിൽ ഫലവൃക്ഷങ്ങളെക്കൂടി ഉൾപ്പെടുത്തി വിപുലീകരിക്കുക.

13. കാർഷിക കടങ്ങളുടെ പലിശ പൂർണമായും എഴുതിത്തള്ളുക

14. കാർഷിക വിളകൾക്ക് ഉൽപ്പാദന ചെലവിന്റെ ഇരട്ടി ന്യായവില നൽകുക.

## KIFA പണമിടപാട്

### ബാങ്ക് അക്കൗണ്ട് വിവരങ്ങൾ

| | |
|---|---|
| Name | : KIFA |
| Bank | : Federal Bank |
| A/c No. | : 10760200183744 |
| IFS Code | : FDRL0001076 |
| Branch | : Koorachundu |

## KIFA സാമൂഹിക മാധ്യമങ്ങൾ

കിഫയുടെ വാട്സ്ആപ്പ്, ഫെയ്സ്ബുക്ക്, വെബ്സൈറ്റ്, എന്നിവ സന്ദർശിക്കുവാൻ QR കോഡ് സ്കാൻ ചെയ്തോ താഴെകൊടുത്തിരിക്കുന്ന മൊബൈൽ നമ്പർ, ലിങ്കുകൾ ഉപയോഗിച്ചോ പ്രവേശിക്കാം.

+91 97781 93860

www.facebook.com/groups/kifa.official

www.kifa.co.in

---

**Integrated Report - Editorial Team**

Alex Ozhukayil
Thomson K George
Sunny Joseph

## Vision

"Be the catalyst for positive change in lives of our farmers".

## Mission

"Defeat all farmer oppressions through collective action and empowerment, thereby ensuring farmers' survival and the realization of their dreams".

www.kifa.co.in